FOR PRIVATE CIRCULATION ONLY

അക്ഷരം ആത്മരക്ഷയ്ക്ക്


# ദി സോൾ വിന്നർ

THE SOUL WINNER • • • FULLFILLING THE GREAT COMMISSION

VOLUME 12 • ISSUE 9

MAY 2024

## ഡോ. ബിഷപ്പ് കെ. പി. യോഹന്നാൻ വിട ചൊല്ലി



**തിരുവല്ല/ഡാളസ്:** സുപ്രസിദ്ധ സുവിശേഷ പ്രസംഗകനും, ബിലിവേഴ്സ് ചർച്ചിന്റെ പ്രഥമ ബിഷപ്പുമായിരുന്ന ഡോ കെ പി യോഹന്നാൻ കത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. അമേരിക്കയിലെ ഡാളസിൽ വച്ചായിരുന്നു അന്ത്യം. ചില ദിവസങ്ങൾക്ക് മുമ്പ് മാത്രം അമേരിക്കയിലെത്തിയ അദ്ദേഹം ഡാളസിലെ ബിലിവേഴ്സ് ചർച്ചിന്റെ പുറത്ത് റോഡിൽ നടക്കവേ വാഹനാപകടത്തിലാണ് മരണപ്പെട്ടത്. ഒരു കാർ ഇടിച്ചാണ് അപകടം നടന്നത്. നെഞ്ചിനും, തലയ്ക്കും ഗുരുതരമായ് പരിക്കേറ്റ തനിക്ക് ശസ്ത്രക്രിയ ചെയ്തെങ്കിലും മണിക്കൂറുകൾക്കുള്ളിൽ മരണം സംഭവിച്ചു. പെട്ടെന്ന് ഉണ്ടായ മരണത്തിൽ എല്ലാവരും വളരെ ഞെട്ടലിലാണ്.

ആത്മിയ യാത്ര എന്ന പ്രസ്ഥാനത്തിലൂടെയാണ് അദ്ദേഹം അറിയപ്പെട്ട് തുടങ്ങിയത്. ഓ എംമ്മിന്റെ മിഷ്ണറിയായിട്ടായിരുന്നു തുടക്കം. വർഷങ്ങളോളം നടത്തിയ റേഡിയോ പ്രഭാഷണത്തിലൂടെ ലക്ഷക്കണക്കിനാളുകളെ ക്രിസ്തുവിങ്കലേക്ക് ആനയിച്ചു. സ്വതന്ത്ര പ്രവർത്തനമായ് പ്രവർത്തിച്ച അദ്ദേഹം ഇടക്കാലത്ത് എപ്പിസ്ക്കോപ്പൽ സഭയായി പ്രവർത്തനം നടത്തി വരികയാണ്. ബിലിവേഴ്സ് സെമിനാരി, മെഡിക്കൽ കോളേജ്, സ്ക്കൂൾ, ചർച്ച്, ടെലിവിഷൻ ചാനൽ മുതലായ വിവിധ പ്രവർത്തനങ്ങളും നടന്നു വരുന്നു. വിദേശി വനിതയായ ഗിസിലയാണ് ഭാര്യ. മൂന്ന് മക്കളും ഉണ്ട്. ഒരു കാലത്ത് രാജ്യത്തിന് അകത്തും പുറത്തും നടത്തിയ ട്രയിനിംഗ് സെന്ററുകൾ വഴി പതിനായിരക്കണക്കിന് യുവതി യുവാക്കളെ സുവിശേഷവേലയ്ക്കയച്ചു.

## ക്ലാസുകൾ ജൂണിൽ ആരംഭിക്കും

മദ്ധ്യപ്രദേശ് / ഇൻഡോർ: സോൾ വിന്നേഴ്സ് ഇന്ത്യ ഫൗണ്ടേഷന്റെ ദൈവശാസ്ത്ര വിദ്യാഭ്യാസ വിഭാഗമായ ബെഥേൽ ബൈബിൾ സെമിനാരിയുടെ കീഴിലുള്ള വിവിധ പഠന പദ്ധതികൾ ജൂൺ മാസത്തിൽ ആരംഭിക്കും. ബി റ്റി എച്ച് (മൂന്ന് വർഷം), ഡി റ്റി എച്ച് (രണ്ട് വർഷം), സി റ്റി എച്ച് (ഒരു വർഷം) എം ഡീവ് (രണ്ട് വർഷം) (കൊഹാട്ട് ക്ലാസ്)എന്നീ കോഴ്സുകൾ ഇൻഡോറിലെ വിവിധ ക്യാമ്പസുകളിൽ വച്ച് നടത്തപ്പെടും. ബിബിഎസ് കോഴ്സുകൾ സോൾ വിന്നേഴ്സ് ഇന്ത്യ ഫൗണ്ടേഷന്റെ സഭകൾ ഉള്ള എല്ലാ സംസ്ഥാനങ്ങിലും എ റ്റി റ്റി സി സെന്ററുകളിൽ ജൂലൈ മാസം മുതൽ നടത്തപ്പെടും. കോഴ്സുകളിൽ ചേർന്ന് പഠിക്കുവാൻ ആഗ്രഹിക്കുന്നവർ 8871434099 എന്ന നമ്പറിൽ ബന്ധപ്പെടുക.

## ഉപവാസ പ്രാർത്ഥനയും സ്നാനവും നടന്നു



**തിരുവനന്തപുരം/ചാമവിള:** ഉപവാസ പ്രാർഥനയും, സ്നാനശുശ്രൂഷയും നടന്നു. തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻക്കരക്കടുത്ത്, ചാമവിള സഭയിൽ ഏഴ് ദിവസത്തെ ഉപവാസ പ്രാർഥനയും, സ്നാന ശുശ്രൂഷയും നടന്നു. ഏപ്രിൽ 28 മുതൽ മെയ് 4 വരെ പാസ്റ്റർ സാജൻ ശുശ്രൂഷിക്കുന്ന സോൾ വിന്നേഴ്സ് ഇൻഡ്യ ഫൗണ്ടേഷൻ ചർച്ച് ഓഫ് ഗോഡിന്റെ ചാമവിള സഭയിൽ വച്ചാണ് യോഗങ്ങൾ നടന്നത്. എല്ലാ വർഷവും മധ്യവേനൽ അവധി കാലത്ത് നടന്ന് വരുന്ന ഏഴ് ദിവസത്തെ ഉപവാസ പ്രാർത്ഥനയുടെ സമാപനത്തിൽ സ്നാന ശുശ്രൂഷ നടക്കുന്നതും പതിവാണ്.

ഈ വർഷവും ഒരു സഹോദരിയും രണ്ട് സഹോദരന്മാരും സ്നാനപ്പെട്ടു. സമാപന ദിവസം സ്റ്റേറ്റ് കോർഡിനേറ്റർ പാസ്റ്റർ പീരുമേട് ക്ലീറ്റസ് ശുശ്രൂഷിച്ചു. ബൈബിൾ പഠനം, സ്നാനം, പാദം കഴുകൽ ശുശ്രൂഷ, തിരുമേശ ശുശ്രൂഷകൾക്കും അദ്ദേഹം നേതൃത്വം നൽകി. ജില്ലയിലെ മറ്റ് പ്രാദേശിക സഭകളിലെ ശുശ്രൂഷകന്മാരും, വിശ്വാസികളും പങ്കെടുത്തു.

## ഇവാഞ്ചിലിക്കലുകൾക്ക് ആനുകൂല്യങ്ങൾ പ്രഖ്യാപിച്ച് പ്രസിഡന്റ്

**വെനസ്വേല:** പ്രസിഡന്റ് തിരഞ്ഞെടുപ്പിന് മൂന്ന് മാസം മാത്രം ശേഷിച്ചിരിക്കെ, രാജ്യത്തെ ഇവാഞ്ചലിക്കൽ പാസ്റ്റർമാർക്കും, വിശ്വാസികൾക്കും വലിയ ആനുകൂല്യങ്ങൾ പ്രക്യാപിച്ച് വെനസ്വേല പ്രസിഡന്റ് നിക്കോളാസ് മഡുറോ. രാജ്യത്തെ ജനസംഖ്യയുടെ 30.9 ശതമാനം ജനങ്ങളും ഇവാഞ്ചലിക്കൽ സഭാവിഭാഗത്തിൽ ഉൾപെടുന്നവരാണ്. പാസ്റ്റർമാർക്ക് ആനുകൂല്യം നൽകുന്നതിനായ് ബോണോ എൽ ബ്യൂൺ (ദ ഗുഡ് ഷെപ്പേർഡ് ബൊണസ്) എന്ന പദ്ധതിയും സഭകൾക്ക് നിർമ്മാണ സാമഗ്രികൾ, ഉപകരണങ്ങൾ, ശബ്ദഉപകരണങ്ങൾ



വാങ്ങുന്നതിലേക്കായ് പ്ലാൻ മി ഇഗ്ലേഷ്യ ബിയെൻ ഇകി പാഡ (എന്റെ സുസജ്ജമായ ചർച്ച് പ്ലാന്റ്) എന്നീ രണ്ട് പദ്ധതികളാണ്. 2019 മുതൽ 3000 പള്ളികളാണ് ഇദ്ധരത്തിൽ നിർമ്മിച്ച് നൽകിയത്. 2004 ലും അധികാരത്തിൽ തുടരാനായ് അന്നത്തെ പ്രസിഡന്റും ഇവാഞ്ചലിക്കകൾക്ക് ആനുകൂല്യങ്ങൾ പ്രക്യാപിച്ചിരുന്നു.

## സ്മിത ചാക്കോയ്ക്ക് പുരസ്ക്കാരം

**ബാംഗ്ലൂർ:** വിദ്യാഭ്യാസ മേഘലയോടുള്ള സമർപ്പണവും പ്രതിബദ്ധതയും വിലമതിക്കാനാവാത്ത മാർഗ്ഗനിർദ്ദേശത്തിനും വർഷങ്ങളായി എണ്ണമറ്റ വിദ്യാർത്ഥികളുടെ മനസ് രൂപാന്തരപ്പെടുത്തുന്നതിനുമുള്ള വിലമതിക്കാനാവാത്ത സംഭാവനകൾക്കാണ് സ്മിതാ ചാക്കോയ്ക്ക് അവാർഡ് ലഭിച്ചത്. ഡോൺ ബോസ്കോ എജ്യൂക്കേറ്റേഴ്സ് എക്സലൻസ് അവാർഡ് 2024 ന്റെ സാധന – ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ബാംഗ്ളൂർ സെന്റ് ജോസഫ്സ് പി യു കോളേജ് വൈസ് പ്രിൻസിപ്പലാണ് അവർ. ടി സി പാളയ ഡോൺ ബോസ്കോ കോളേജിൽ നടന്ന ചടങ്ങിൽ സുപ്രീം കോടതി മുൻ ചീഫ് ജസ്റ്റീസും കണ്ണാടക ലോകായുക്തയുമായിരുന്ന സന്തോഷ് ഹെഗ്ഡേ ആണ് അവാർഡ് നൽകിയത്. ബാംഗ്ളൂർ ജാലഹള്ളി റ്റി പി എം സഭംഗമാണ് സ്മിത. മികച്ച ഇംഗ്ലിഷ് ലേഖനത്തിനുള്ള അവാർസും അവർക്ക് ലഭിച്ചിട്ടുണ്ട്.

## അബുദാബിയിലെ ആദ്യ സിഎസ്ഐ ദേവാലയം



**അബുദാബി:** എമിറേറ്റിലെ സി.എസ്.ഐ വിശ്വാസ സമൂഹത്തിന് നാലര പതിറ്റാണ്ടിന്റെ സ്വപ്ന സാക്ഷാത്കാരം. അബുദാബിയിലെ ആദ്യ സി.എസ്.ഐ ദേവാലയം ഞായറാഴ്ച വിശ്വാസികൾക്കായി തുറന്നു.

വൈകീട്ട് 4.30 ന് സി.എസ്.ഐ മധ്യകേരള മഹാഇടവക ബിഷപ് ഡോ.മലയിൽ സാബു കോശി ചെറിയാന്റെ നേതൃത്വത്തിൽ നടന്ന പ്രതിഷ്ഠാ ശുശ്രൂഷയോടെയായിരുന്നു ദേവാലയം ആരാധകർക്കായി തുറന്നുകൊടുത്തത്. ഇടവക വികാരി ലാൽജി എം.ഫിലിപ്പ്, മുൻവികാരി സോജി വർഗീസ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ബിഷപ്പ് ആദ്യ ആരാധന അർപ്പിച്ചതിനുശേഷം വിശുദ്ധ സംസർഗ ശുശ്രൂഷ അനുഷ്ഠിച്ചു. 1000 ത്തോളം പേർ ചടങ്ങിൽ പങ്കെടുത്തു. ലോക സമാധാനത്തിനുവേണ്ടിയുള്ള പ്രാർഥനയുടെ പ്രതീകമെന്നോണം ബിഷപ്പും സ്വാമി ബ്രഹ്മവിഹാരി ദാസും അബ്ദുല്ല അൽ തുനൈജി, അഹ്മദ് അൽ മൻസൂരി എന്നിവർ ചേർന്ന് ദേവാലയ മുറ്റത്ത് ഒലിവ് തൈ നട്ടു.

## യുണൈറ്റഡ് മെത്തഡിസ്റ്റ് ചർച്ചിന് ആദ്യ വനിതാ പ്രസിഡന്റ്

**ഈസ്റ്റ് ഒഹായോ:** യുണൈറ്റഡ് മെത്തഡിസ്റ്റ് ചർച്ച് അതിന്റെ ആദ്യ വനിതാ പ്രസിഡന്റിനെ തിരഞ്ഞെടുത്തു. ആദ്യ വനിതാ പ്രസിഡന്റ് എന്നതിലുപരി, ആഫ്രിക്കൻ വംശജയായ കറുത്ത വർഗ്ഗകാരി എന്ന പ്രത്യകതയും ബിഷപ്പ് ട്രേസി എസ് മലോണിന് ഉണ്ട്. ഏപ്രിൽ 23 മുതൽ മെയ് 3 വരെയാണ് ജനറൽ കൗൺസിൽ നടന്നത്. വിവിധ കാരണങ്ങളാൽ 7000 ത്തോളം സഭകൾ പ്രസ്ഥാനം വിട്ട പശ്ചാത്തലത്തിലാണ് അവർ സ്ഥാനം ഏൽക്കുന്നത്.

# GOD USES REJECTION TO MOLD US AND SHAPE US

A WORD FROM THE PRESIDENT



BRO. DANIEL EASO

There is not a human being on this planet that hasn't tasted rejection. And if we're not careful, we begin to build walls around ourselves to make sure we are never hurt again. We start to insulate ourselves from people, and our hearts become hard and impenetrable. That's not how the Lord intended we respond to rejection.

There is no one who understands rejection better than Jesus. The prophet Isaiah predicted that He would be rejected of man (Isaiah 53:3). Jesus' own people didn't accept Him (John 1:11). When He returned to His hometown of Nazareth, after teaching with great results in synagogues all over Galilee, the people became furious when He addressed their skepticism. They took Him out to the edge of the hill on which Nazareth was built, intending to push Him over the cliff, but Jesus escaped them (see Luke 4:14-30). I call that rejection! Jesus faced rejection everywhere He went.

Rejection is a trial, but the acceptance of the Father is the healing ointment. I believe Jesus was referring to this when He said to His disciples, "You are those who continued with Me in My trials" (Luke 22:28). He had been through three years of trials. Yes, he walked on water, multiplied the loaves, raised the dead, touched the lepers, healed the blind, preached the Gospel to large crowds. But He had also faced three years of rejection. Jesus' life was full of pain from rejection. Rejection is a vexation to the soul; but the healing ointment is the love of the Father pouring over your heart. Rejection hurts, but it doesn't have to wound your spirit.

The first step to overcoming rejection is Forgiveness. As Jesus hung on the cross, He said, "father, forgive them, for they do not know what they do" (Luke 23:34). You can't experience stronger rejection than being crucified! Jesus took forgiveness to is highest level. But Jesus not only forgave them, He asked the Father to forgive them- to blot out of heaven the record of their wrong.

The second step to overcoming the rejection is accepting the Father's love. You must truly believe John 3:16- that God so loved you "that He gave His only begotten Son." He loves you "with an everlasting love" (Jer. 31:3). God has always loved you and wanted you to be a part of His family (1 John 3:1; Eph. 1:3-14). His Spirit reminds us that we are His children, and we can call Him "Father," just like Jesus does.

The third step to overcoming rejection is to learn to derive your sense of identity and fulfillment from the acceptance of the Father, not from the acceptance of people. Jesus had His Father's acceptance, and He didn't need acceptance from anyone else. He heard the Father say, "This is My beloved Son, in whom I am well pleased" (Matt. 3:17). With that on the inside, He didn't need to gain acceptance from people. His sense of identity came from the acceptance of the Father. When we feel God's acceptance, we don't need acceptance from people. We should get our sense of completeness, our self-identity, from our Heavenly Father. We are fulfilled in His affections. We don't need another person's acceptance to be a complete person.

However, I am not advocating an independent spirit. The Lord has given us the body of Christ. We need our brothers and sisters in Christ. Sometimes we need a rebuke or encouragement or some godly advice to get us back on the right course. None of us has a perfect pipeline to God; we need one another. It takes concentration and discipline to balance these two extremes. While we must not look to others for acceptance, we must walk in mutual submission with them.

Healing from rejection will not come from analyzing the source of our rejection; it will come by looking at Source of our acceptance. Some people try to deal with rejection by mulling over the hurts in their past and what this one and that one did, trying to forgive them and work through it. That's a hopeless process. By the time we deal with one pile of hurts, we have a new pile. Rejection is unending. The answer lies not in the source of our rejection, but the Source of our acceptance.

You cannot look for acceptance from both God and man. The Scripture says you cannot serve two masters (Matt. 6:24). You cannot serve God, seeking His acceptance, and at the same time serve people, seeking their acceptance. So the critical question is, "For whose acceptance are you searching?" The approval of man doesn't really satisfy anyway.

If you are affected by someone's acceptance, you'll be affected by their rejection. Seeking acceptance from people makes you vulnerable to rejection. If the acceptance of man will build you up, the rejection of man will devastate you. So your life becomes a roller coaster. Ecclesiastes 7:21 warns, "Do not take to heart everything people say."

Jesus was not touched by the praise of man, so He was not wounded by the rejection of man. Don't think you are going to master this in a week, a month or a year. This is a lifelong pursuit: to be totally fulfilled in the acceptance of your Father so that the rejection of man does not penetrate and wound your spirit.

Rejection is one of God's specialty tools in the school of the Spirit. He uses it to mold us and shape us. Remember David? As much as God like him, it's amazing how many people rejected him. His brother Eliab, called him proud and insolent. His wife, Michal, despised him in her heart. His king, also his father-in-law, tried to spear him with javelin. His followers, his own 600 men, turned on him and started talking about killing him. Later in his life, two of his sons, Absalom and Adonijah, tried to usurp his throne. Even in his old age, David still had to deal with rejection.

Have you ever wondered when the test of rejection would be over? It won't ever be over! You will have rejection until the day you die. God uses rejection to temper and season your soul and prepare you for the higher place; and once you get there, He uses rejection to keep you in a place of humility and softness and dependence in the face of God.

Praise and rejection go hand in hand. To deal effectively with rejection, you've got to deal with where you get your praise. That is really the core of issue. People are undependable. The people who said to Jesus, "Hosanna to the Son of David!" (Matt. 21:9), one week later, crucified Him. The ones who are saying, "we love you" today are going to backbite you tomorrow. There is no human being that you can really trust. There is only one opinion in the universe that counts: God's.

While Jesus was in Jerusalem teaching, the Jewish leaders sent spies to try to get Him to say something that would get Him to say something that would get Him arrested by the Romans. They flattered Him with their words to try to put Him off guard (Luke 20:20-22). But because He was totally untouched by the praise of man, Jesus was able to maintain discernment and see through their hypocrisy and deal with them appropriately (Luke 20:23-26).

When Jesus was speaking to the Jews early in His ministry, he said, "I do not receive honor from men" (John 5:41). He rebuked them for receiving honor from one another, but not seeking the honor that comes from God. In fact, I have to believe that seeking approval from man is idolatry. When your soul feeds off the acceptance and praise man, you are getting from others what God meant you to get from Him. He wants to be your source- your substance and your life.

When you no longer look to the praise of man for your self-worth, you are free. You can love others unconditionally. Whether they accept or reject you make no difference. You love others unconditionally because that's the way God loves you.

We are told in the Scriptures to encourage one another, to be kindly affectionate, admonish, be tenderhearted, comfort and edify, exhort, show compassion, etc. So we should affirm others. But how can we affirm them without causing them to fall into idolatry? Jesus is our example. "Blessed are you, Simon Bar-Jonah, for flesh and blood has not revealed this to you, But My Father Who is in heaven" (Matt. 16:17). Jesus affirmed what the Father was doing in Peter's life.

So affirmation in the Kingdom of God should take the form of acknowledgement, approval and encouragement of those things that God is doing in a person's life. When the Apostle Paul affirmed believers in his letters, he always did so by giving all the credit to God for the grace in their lives.

The praise of man is food for God and poison for man. So how should you handle it when other people fuss over you? Solomon wisely wrote, "Praise is the test of character" (Prov. 27:21). If you take praise into yourself, it turns into worms on the inside, and eats you up.

When you praise me, I do not receive your praise; I receive you. Your opinion of my life is irrelevant; but I receive your love. The Lord desires the body of Christ to work you together, so the members of the body must receive one another. The Spirit of God wants us to encourage, to affirm, edify, build up one another- as His vessels of love.

Rejection is a facet of life. But you can allow the acceptance of your Heavenly Father to be a healing balm to your soul. When people yell at you, throw rocks at you, and call you names, listen to the voice of the Father saying, "I love you; You delight Me." And it will heal all the wounds the rejection of man brings.

> When you praise me, I do not receive your praise; I receive you. Your opinion of my life is irrelevant; but I receive your love. The Lord desires the body of Christ to work you together, so the members of the body must receive one another. The Spirit of God wants us to encourage, to affirm, edify, build up one another- as His vessels of love.

# അരുതാത്ത പ്രാർത്ഥന

എങ്ങനെ പ്രാത്ഥിക്കരുത് എന്ന കാര്യത്തിൽ ഒന്നാമതായി യേശു പ്രസ്താവിച്ചത് കപടഭക്തിക്കാരെപ്പോലെ നാം പ്രാർത്ഥിക്കരുത് എന്ന കാര്യമാണ്. സുവിശേഷങ്ങൾ വായിക്കുമ്പോൾ യേശുവിനു കപട ഭക്തിയെപ്പറ്റി ഒട്ടനവധി കാര്യങ്ങൾ പറയുവാനുണ്ടായിരുന്നു എന്നു നാം കാണുന്നു. പരീശന്മാർ കപട ഭക്തിക്കാരായിരുന്നതിനാൽ അവരെ രൂക്ഷമായി കുറ്റം വിധിക്കയും തിരസ്കരിക്കയും ചെയ്തു. പീരശന്മാർക്കു നല്ല വശങ്ങൾ ഉണ്ടായിരുന്നു. അവർ എല്ലാ ദിവസവും പ്രാർത്ഥിക്കുകയും ആഴ്ചയിൽ രണ്ടുവട്ടം ഉപവസിക്കയും ചെയ്തിരുന്നു. അവർ തങ്ങളുടെ വരുമാനമായ പണത്തിന്റെ മാത്രമല്ല, എല്ലാ ആദായത്തിന്റെയും, അടുക്കളത്തോട്ടത്തിൽ നിന്നു കിട്ടുന്ന ചതകുപ്പയുടെയും ജീരകത്തിന്റെയും പോലും, ദശാംശം നൽകിയിരുന്നു. ദൈവിക നിയമങ്ങളെന്നു തങ്ങൾ മനസ്സിലാക്കിയിരുന്ന പ്രമാണങ്ങളുടെ ചെറിയ വിശദാംശങ്ങൾ പോലും അനുസരിക്കുന്നതിൽ അവർ ഏറ്റവും ജാഗരൂകരായിരുന്നു. പുറമേ നോക്കിയാൽ അവർ വളരെ സന്മാർഗ്ഗികളും പരമാർത്ഥികളുമായിരുന്നു. പള്ളിയിൽ ശബ്ബത്തു ദിവസത്തെ ആരാധനാ പരിപാടികളിലെല്ലാം ഒന്നു പോലും വിടാതെ അവർ പങ്കെടുക്കുമായിരുന്നു. തിരുവെഴുത്തുകളിൽ അവർ അഗാധമായ അറിവു നേടിയിരുന്നു. ഇങ്ങനെയൊക്കെയായിട്ടും യേശു അവരെ ശിക്ഷാർഹരെന്നു വിധിച്ചു പുറന്തള്ളുകയാണുണ്ടായത്. കാരണം, അവർ എല്ലാ കാര്യങ്ങളും ചെയ്തു പോന്നത് പ്രാഥമികമായി മനുഷ്യരിൽ നിന്നുള്ള ബഹുമാനം നേടുവാൻ വേണ്ടിയായിരുന്നു (യോഹ. 12:43).

പരീശന്മാരുടെ പിന്മുറക്കാർ അതായത് തങ്ങളുടെ നേതാക്കന്മാരുടെയും മറ്റു മനുഷ്യരുടെയും പ്രശംസ ആഗ്രഹിക്കുന്നവർ- ഇന്നു ലോകത്തിലെ എല്ലാ സഭകളിലും കൂട്ടായ്മകളിലും കാണപ്പെടുന്നുണ്ട്. മതിപ്പുണ്ടാക്കുവാൻ വേണ്ടി ഉജ്ജ്വലവും അലംകൃതവുമായ ഭാഷ നാം ഉപയോഗിച്ചെന്നു വരാം. ആ വിധത്തിൽ പ്രാർത്ഥിക്കന്നതിനെതിരേ യേശു നമുക്കു താക്കീതു നൽകിയിട്ടുണ്ട്. എന്തെന്നാൽ അത്തരം പ്രാർത്ഥന ദൈവസന്നിധിയിൽ എത്തുകയേ ഇല്ല.

നമ്മുടെ പ്രസംഗത്തിലാകട്ടെ, ജീവിതത്തിലാകട്ടെ, പ്രാർത്ഥനയിലാകട്ടെ, കപടഭക്തിയിൽ നിന്നു മാറി ദൈവത്തിന്റെ പ്രശംസയെ നാം വിലമതിക്കുമാറ് അത്ര ആഴമായ ഒരു ദൈവഭയം നമുക്കു നൽകുവാൻ ദൈവത്തോട് അപേക്ഷിക്കണം. ദൈവത്തെ ഭയപ്പെടേണ്ടതുപോലെ ഭയപ്പെടുവാൻ നാം പഠിക്കുന്നതുവരെയും ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ആളുകളുടെ മുമ്പിൽ അഭിനയിക്കുന്നവരായി നാം തുടരും.

കപടഭക്തിയെ മറ്റേതൊരു പാപത്തെക്കാളും അധികം ശിക്ഷായോഗ്യമായി യേശു വിധിക്കയും നിരാകരിക്കയും ചെയ്തിട്ടുണ്ട്. എന്നാൽ അതു മാത്രമായിരിക്കും ലഭിക്കുന്നത്. അതാണു നിങ്ങൾ ആഗ്രഹിച്ചത്. അതു നിങ്ങൾക്കു ലഭിക്കുകയും ചെയ്തു. ഇതു ക്രിസ്തീയ ജീവിതത്തിലെ ഒരു നിയമമാണ്. നമ്മുടെ അധരങ്ങൾ കൊണ്ടു നാം ചോദിക്കുന്നതല്ല. മറിച്ചു നമ്മുടെ ഹൃദയത്തിന്റെ ആഴത്തിൽ നിന്നു നാം അഭിലഷിക്കുന്നതു തന്നെ നമുക്കു ലഭിക്കും. അന്വേഷിപ്പിൻ, അപ്പോൾ നിങ്ങൾ വാസ്തവത്തിൽ അന്വേഷിക്കുന്നതു നിങ്ങൾക്കു കിട്ടും.

നാം ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ നിൽക്കുമ്പോൾ നമ്മുടെ എല്ലാ ബാഹ്യാവരണങ്ങളും കർത്താവ് എടുത്തു മാറ്റിക്കളയും. അവിടെ നാം അഭിനയിക്കുന്ന വേഷങ്ങളുടെ രൂപത്തിലല്ല, വാസ്തവത്തിൽ നാം എന്തായിരുന്നുവോ, അതേ രൂപത്തിൽ തന്നെ കാണപ്പെടും. ഒരിക്കൽ നിങ്ങൾ നഗ്നരും ലജ്ജിതരുമായിത്തീരാതിരിക്കേണ്ടതിന് ഇന്നു നിങ്ങൾ എങ്ങനെ നടക്കുന്നു എന്നു സൂക്ഷിച്ചുകൊൾക എന്നു ബൈബിൾ പറയുന്നത് ഈ കാരണത്താലാണ്.

1 യോഹന്നാൻ 2:28ൽ നാം ഇപ്രകാരം വായിക്കുന്നു. “ഇനിയും കുഞ്ഞുങ്ങളെ, അവൻ പ്രത്യക്ഷനാകുമ്പോൾ അവന്റെ സന്നിധിയിൽ നാം ലജ്ജിച്ചു പോകാതെ അവന്റെ പ്രത്യക്ഷതയിൽ നമുക്കു ധൈര്യം ഉണ്ടാകേണ്ടതിന് അവനിൽ വസിപ്പിൻ.” ഭൂമിയിൽ അഭിനയക്കാരായി ജീവിതം നയിച്ചവരാണ് ആ ദിവസത്തിൽ ലജ്ജിതരാകുവാൻ പോകുന്നത്.

ഇപ്പോൾ ഞാൻ വിശ്വാസികളോടാണ് സംസാരിക്കുന്നത്. ഗിരിപ്രഭാഷണം ആരോടാണ് പ്രസംഗിക്കപ്പെട്ടത്? മത്തായി 5:1,2 വാക്യങ്ങൾ ശ്രദ്ധിക്കുന്ന പക്ഷം യേശു തന്റെ ശിഷ്യന്മാരോടാണ് ആ വാക്കുകൾ സംസാരിച്ചതെന്നു നിങ്ങൾക്കു കാണുവാൻ കഴിയും. “മനുഷ്യർ കാണേണ്ടതിനു നിങ്ങളുടെ നീതി അവരുടെ മുമ്പിൽ ചെയ്യാതിരിപ്പാൻ നോക്കുവിൻ” എന്നു കർത്താവു പറഞ്ഞതു തന്റെ ശിഷ്യന്മാരോടാണ്. “പരീശന്മാരുടെ പുളിച്ച മാവായ കപടഭക്തി സൂക്ഷിച്ചുകൊൾവിൻ” എന്ന് പറഞ്ഞതും തന്റെ ശിഷ്യന്മാരോടു തന്നെ (ലൂക്കൊ. 12:1). നാം വെളിച്ചത്തിൽ നടക്കുന്നില്ലെങ്കിൽ നമുക്കു ദൈവത്തോടു കൂട്ടായ്മ സാധ്യമല്ലെന്ന് 1 യോഹന്നാൻ 1:7ൽ ദൈവവചനം പറയുന്നു. നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തീർച്ചയായും ഒന്നും മറച്ചു വയ്ക്കുവാൻ



**പീരുമേട് ക്ലീറ്റസ്**

സാധ്യമല്ല. എന്തെന്നാൽ മറഞ്ഞിരിക്കുന്ന എല്ലാറ്റിനെയും തെളിവായി ക്കാട്ടുന്നതാണ് വെളിച്ചം. ഇരുട്ടിൽ നടക്കുന്ന ഒരുവനാണ് ജീവിതത്തിൽ എന്തിനെയെങ്കിലും മറച്ചു വയ്ക്കേണ്ട ആവശ്യം ഉണ്ടാകുന്നത്. നേരെ മറിച്ചു നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമ്മുടെ ജീവിതം ഒരു തുറന്ന പുസ്തകമായിരിക്കും. അപ്പോൾ നമുക്കു നമ്മുടെ രഹസ്യ ജീവിതത്തെയും നമ്മുടെ കണക്കുപുസ്തകങ്ങളെയും എല്ലാറ്റിനെയും വന്നു പരിശോധിച്ചു കൊള്ളുവാൻ ആളുകളോട് ആവശ്യപ്പെടാൻ കഴിയും. നാം മറച്ചു വയ്ക്കുവാനാഗ്രഹിക്കുന്നതായി യാതൊന്നും ഉണ്ടായിരിക്കയില്ല. ഇതുകൊണ്ടു നാം പരിപൂർണ്ണരാണെന്ന് അർത്ഥമാകുന്നില്ല. നാം സത്യസന്ധരാണെന്നു മാത്രമാണ് അതിന്റെ അർത്ഥം.

ദൈവം നമ്മോട് എല്ലാവരോടും ആവശ്യപ്പെടുന്ന ഒന്നാമത്തെ കാര്യം സത്യസന്ധതയാണ്; സമ്പൂർണ്ണ സത്യസന്ധത. നാം സത്യസന്ധരായിത്തീരുന്ന പക്ഷം നമ്മുടെ പല പ്രശ്നങ്ങളും വേഗത്തിൽ പരിഹരിക്കപ്പെടും. ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പാകെ സത്യസന്ധതയെന്ന ഈ അടിസ്ഥാന നിയമം പാലിച്ചുകൊണ്ടു നാം ജീവിക്കുന്ന പക്ഷം നമ്മുടെ ആത്മീയ ജീവിതത്തിൽ നാം അതിവേഗം അത്ഭുതകരമായ വളർച്ച പ്രാപിക്കും.

എന്നാൽ ഇതൊരു പോരാട്ടമാണെന്നു നിങ്ങൾ വേഗം മനസ്സിലാക്കും. ഇങ്ങനെ നിങ്ങൾ പറഞ്ഞേക്കാം. “ഞാൻ ഈ പ്രബോധനം ഗൗരവമായിട്ടെടുക്കാൻ പോകയാണ്. ഇപ്പോൾ മുതൽ ഞാൻ തികഞ്ഞ സത്യസന്ധത പാലിക്കുവാൻ ആരംഭിക്കുന്നു.” ആ ആഴ്ച കഴിയുന്നതിനു മുമ്പുതന്നെ ഒരു അഭിനയക്കാരനാകുവാനുള്ള പരീക്ഷ വീണ്ടും നിങ്ങളെ നേരിടുന്നതായി നിങ്ങൾ കണ്ടെത്തും. ദൈവത്തിന്റെ പ്രശംസയല്ല, മനുഷ്യരുടെ പ്രശംസ നേടുവാൻ നിങ്ങൾ ശ്രമിക്കും. അതിനാൽ ഈ യുദ്ധത്തിൽ തുടരെപ്പോരാടി വിജയം നേടുവാനുള്ള ഒരു ദൃഢ നിശ്ചയം നിങ്ങൾക്കാവശ്യമാണ്. വീണ്ടും ജനനം പ്രാപിച്ച ശേഷം ഇരുപതും മുപ്പതും നാൽപതും വർഷങ്ങളായിട്ടും സത്യസന്ധത എന്ന അടിസ്ഥാനപാഠം പഠിക്കായ്ക മൂലം ആത്മീയ വളർച്ച പ്രാപിക്കാത്ത ഒരു വലിയ സംഖ്യ ക്രിസ്ത്യാനികൾ ഇന്നു ജീവിക്കുന്നുണ്ട്. ഇതു ദൈവത്തെ ആഗാധമായി ദുഃഖിപ്പിക്കുന്ന ഒരു വസ്തുതയാണ്. നമ്മുടെ ജീവിതത്തിൽ കപടഭക്തിയുണ്ടെങ്കിൽ നമുക്ക് ആത്മീയമായി വളർച്ചയുണ്ടാകുക സാധ്യമല്ല. നമ്മുടെ പ്രാർത്ഥനകൾ ദൈവം കേൾക്കുകയില്ല. മുഴുരാത്രി പ്രാർത്ഥനാ യോഗങ്ങളിൽ നിങ്ങൾ പങ്കെടുത്തേക്കാം. പക്ഷേ അതു വെറുമൊരു സമയ ദുർവ്യയമായി മാത്രം തീരും. ആദ്യം തന്നെ നമ്മുടെ കപടഭക്തിയെ എറിഞ്ഞുകളയാതെ നമ്മുടെ പ്രാർത്ഥനകൾ ദൈവം കേൾക്കുകയില്ല.

നാം ദൈവമുമ്പാകെ എന്തായിരിക്കുന്നുവോ അതാണു നമ്മുടെ യഥാർത്ഥമായ ആത്മീയ മൂല്യം. അതിൽ ഒട്ടും കൂടുതൽ ഇല്ലെന്നു നാം മനസ്സിലാക്കണം. നമ്മുടെ ആത്മീയ നിലവാരം നമുക്കുള്ള ബൈബിൾ പരിജ്ഞാനം വച്ചുകൊണ്ടല്ല നിർണ്ണയിക്കപ്പെടുന്നത്. അഥവാ നാം എത്രമാത്രം പ്രാർത്ഥിക്കുന്നുവെന്നോ, എത്ര കൂട്ടായ്മ യോഗങ്ങളിൽ സംബന്ധിക്കുന്നുവെന്നോ, സഭയിലെ മൂപ്പന്മാരും മറ്റുള്ളവരും നമ്മെപ്പറ്റി എന്തു ചിന്തിക്കുന്നുവെന്നോ ഉള്ള അടിസ്ഥാനത്തിലല്ല അത് അളക്കപ്പെടുന്നത്. നേരെമറിച്ചു നിങ്ങളുടെ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളും കാണുന്ന ദൈവം നിങ്ങളെപ്പറ്റി എന്തു ചിന്തിക്കുന്നുവെന്നു നിങ്ങൾ നിങ്ങളോടു തന്നെ ചോദിക്കുക. ആ ചോദ്യത്തിന്റെ ഉത്തരമാണ് നിങ്ങളുടെ ആത്മീയതയുടെ മാനദണ്ഡം. ഈ കാര്യം ദിവസംപ്രതി നാം നമ്മെത്തന്നെ ഓർമ്മിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം നാം പിന്നെയും അഭിനയക്കാരായി മാറുവാൻ ഇടയുണ്ട്.

നഥനയേലിനെപ്പറ്റി യേശു പറഞ്ഞ വാക്കുകൾ ഞാൻ വളരെ ഇഷ്ടപ്പെടുന്നവയാണ്. “ഇതാ സാക്ഷാൽ യിസ്രായേല്യൻ; ഇവനിൽ കപടമില്ല” (യോഹ. 1:47). നിങ്ങളെപ്പറ്റിയോ എന്നെപ്പറ്റിയോ ഇപ്രകാരം പറയുവാൻ യേശുവിനു കഴിഞ്ഞിരുന്നെങ്കിൽ അതു മറ്റെന്തിനെക്കാളുമധികം ഒരു അഭിനന്ദന വചനമാകുമായിരുന്നു. നഥനയേൽ പരിപൂർണ്ണതയുള്ള ഒരു വ്യക്തിയായിരുന്നില്ല. അദ്ദേഹം ഒരു അപൂർണ്ണ മനുഷ്യനായിരുന്നു. എങ്കിലും തന്റെ അപൂർണ്ണതകളെപ്പറ്റി അദ്ദേഹം സത്യസന്ധത പുലർത്തിയിരുന്നു. താൻ വാസ്തവത്തിൽ അല്ലാത്ത ഏതെങ്കിലുമാണെന്ന് അദ്ദേഹം ഭാവിച്ചിരുന്നില്ല. അനന്യാസിൽ നിന്നും സഫീറയിൽ നിന്നും അദ്ദേഹത്തിനുള്ള വ്യത്യാസം ഈ കാര്യത്തിലാണ്.

> ദൈവം നമ്മോട് എല്ലാവരോടും ആവശ്യപ്പെടുന്ന ഒന്നാമത്തെ കാര്യം സത്യസന്ധതയാണ്; സമ്പൂർണ്ണ സത്യസന്ധത. നാം സത്യസന്ധരായിത്തീരുന്ന പക്ഷം നമ്മുടെ പല പ്രശ്നങ്ങളും വേഗത്തിൽ പരിഹരിക്കപ്പെടും. ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പാകെ സത്യസന്ധതയെന്ന ഈ അടിസ്ഥാന നിയമം പാലിച്ചുകൊണ്ടു നാം ജീവിക്കുന്ന പക്ഷം നമ്മുടെ ആത്മീയ ജീവിതത്തിൽ നാം അതിവേഗം അത്ഭുതകരമായ വളർച്ച പ്രാപിക്കും.

# നാടിന് നന്മ ചെയ്യുന്നവരെ തെരഞ്ഞെടുക്കുക



ഷാജി ആലുവിള

പതിനെട്ടാമത്തെ ലോക്സഭാ തെരഞ്ഞെടുപ്പിനെ നേരിടുവാൻ പോകുകയാണ് നമ്മുടെ സ്വതന്ത്ര ഇന്ത്യ. നാളിതുവരെയും കണ്ടിട്ടില്ലാത്ത രീതികളാണ് രാജ്യവും, മറ്റു ലോകരാജ്യങ്ങളും കണ്ടുകൊണ്ടിരിക്കുന്നത്. 543 പേരെ ലോക്സഭാ മണ്ഡലങ്ങളിൽ നിന്ന് ജനങ്ങളാൽ നേരിട്ട് തെരഞ്ഞെടുക്കുകയും മറ്റു രണ്ടുപേരെ ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിൽ നിന്നും രാഷ്ട്രപതി നാമനിർദ്ദേശം ചെയ്യുകയും ചെയ്യുന്നു.

ഭരണഘടനയനുസരിച്ച് ഇന്ത്യൻ യൂണിയന്റെ കേന്ദ്ര നിയമ നിർമ്മാണ സഭയാണ് ഇന്ത്യൻ പാർലമെന്റ്. ഭരണഘടന അനുസരിച്ച് രാഷ്ട്രപതി, ലോകസഭ, രാജ്യസഭ എന്നിവ അടങ്ങുന്നതാണ് പാർലമെന്റ്. ലോകസഭ ഇന്ത്യൻ ജനതയെ ഒന്നായി പ്രതിനിധീകരിക്കുമ്പോൾ രാജ്യസഭ ഘടക സംസ്ഥാനങ്ങളെ പ്രതിനിധീകരിക്കുന്നു. 1952 ഏപ്രിൽ മാസമാണ് ഇന്ത്യൻ പാർലമെന്റ് നിലവിൽ വന്നത്.

രാജ്യം ഭരിക്കേണ്ടത് മികവുറ്റ ഭരണാധികാരികൾ ആയിരിക്കണം. ഇവിടെയുള്ള എല്ലാ ജനങ്ങൾക്കും ഒരുപോലെ സേവനം ചെയ്യുന്ന വ്യക്തികളെ ആയിരിക്കണം തെരഞ്ഞെടുക്കേണ്ടത്. സത്യത്തിൽ കൊടിയുടെ നിറം നോക്കി രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള മത്സരമാണ് ഭരണാധികാരികളെ തെരഞ്ഞെടുക്കുന്നത്. ഒരു രാഷ്ട്രീയ പാർട്ടിയുടെയും ഒരൊറ്റ മതത്തിന്റെയും പേരിൽ ആയിത്തീരരുത് ഭരണ സംവിധാനം. ജനശ്രദ്ധ പിടിച്ചു പറ്റി വോട്ടുശതമാനം കൂട്ടുവാൻ എന്തെല്ലാം അടവുകളാണ് നേതാക്കന്മാർ കാട്ടികൂട്ടുന്നത്. മുന്നിലുള്ള അണികളുടെ കൂട്ടത്തെ കാണുമ്പോൾ അവരിലേക്ക് മത, രാഷ്ട്രീയ വിധ്വേഷങ്ങൾ കുത്തിവെക്കുന്ന പ്രസംഗം, എതിരാളിയെ വ്യക്തിഹത്യ നടത്തുന്ന പ്രചാരണങ്ങൾ എന്നിവകൊണ്ട് ജയം നേടുവാനുള്ള തിരക്കിലാണ് എല്ലാ പാർട്ടിക്കാരും.

ഈ പോരാട്ടം കാണുമ്പോൾ ആരും ചിന്തിക്കണ്ട ഈ രാഷ്ട്രീയക്കാർ ജന്മശത്രുക്കൾ ആണെന്ന്. ജയിച്ചും തോറ്റും കഴിയുമ്പോൾ അവരെല്ലാം അങ്ങ് ഡൽഹിയിൽ ഭായി ഭായി ആണെന്നതാണ് സത്യം വിജയത്തിന് വേണ്ടി തരം താണ എന്ത് പ്രവർത്തിയും. കാണിക്കുന്ന കുടില രാഷ്ട്രീയം കണ്ട് ജനം മടുത്തു. രാഷ്ട്രീയ പകപോക്കലും മതമൈത്രിയും നഷ്ടപ്പെടുത്തുന്ന പ്രചാരണ രീതികളും വിജത്തിന് ഉതകില്ല. എതിരാളിയെ തത്വശാസ്ത്രം കൊണ്ട് നേരിട്ടുവേണം വിജയപദത്തിൽ എത്താൻ. അക്രമ രാഷ്ട്രീയം കൊണ്ടും തീവ്രവാദം കൊണ്ടും ആകരുത് ഭരണം നേടുവാൻ. വ്യക്തിഹത്യകളും, ആക്ഷേപങ്ങളും പ്രചാരണത്തിന്റെ ഭാഗമാണെങ്കിലും അത് അതിരുകടന്നാൽ പിന്നീട് പകപോക്കലിന് ഇടയായേക്കും.

ഇന്ത്യ എന്റെ രാജ്യമാണെന്നും എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരി സഹോദരന്മാരുമാണെന്നും പ്രതിജ്ഞ എടുക്കുന്ന എല്ലാ രാഷ്ട്രീയക്കാരും ജനവും ഓർക്കുക സാഹോദര്യത്തിലും സ്നേഹത്തിലും നമ്മുടെ രാജ്യം മുന്നേറണം. അതിന് സത്യത്തിന്റെ കാവൽക്കാരകണം തെരഞ്ഞെടുക്കപ്പെടുന്നവർ. ജാതി മത രാഷ്ട്രീയത്തിന്റെ പേരിൽ ജനത്തെ ഭിന്നിപ്പിച്ച് വോട്ടുപിടിക്കുന്ന രീതി പരാജയപ്പേടിയാണ്. മനുഷ്യ ജീവന് വിലകൊടുക്കുന്നതും അഴിമതിരഹിത ഭരണവും ആയിരിക്കണം നേതാക്കന്മാർ വിഭാവനം ചെയ്യേണ്ടത്. രാജ്യത്തെ പുരോഗമത്തിലേയ്ക്ക് ഉയർത്തുന്നതും പ്രതിപക്ഷ ബഹുമാനം കൊടുക്കുന്നവരുമായിരിക്കണം രാജ്യം ഭരിക്കേണ്ടത്. എല്ലാമത വിശ്വാസങ്ങളും ആദർശങ്ങളും ഇവിടെ വാഴണം. അധികാരികളുടെ അറിവോടെ മതവും രാഷ്ട്രീയവും കൂട്ടിക്കലർത്തി ഇതരമതങ്ങളെ അടിച്ചമർത്തുന്ന രീതി വർദ്ധിച്ചു വരുന്നു. ക്രൈസ്തവ ദേവാലയങ്ങൾ തകർക്കുകയും കയ്യേറ്റം നടത്തി കൊടികൾ സ്ഥാപിക്കുകയും പ്രേഷിത പ്രവർത്തകരെ പീഡിപ്പിക്കുകയും കൊന്നൊടുക്കുകയും ചെയ്യുന്നത് മതേതരത്വത്തിന് എതിരാണ്. ഒരു മതവും പരസ്പ്പരം ശത്രുക്കളല്ല. എല്ലാമതങ്ങളെയും ജനത്തെയും ഒന്നായിക്കാണുന്ന ഭരണം ആയിരിക്കണം നമുക്ക് ഉണ്ടാകേണ്ടത്. അതിനായിട്ടായിരിക്കണം ഓരോ പൗരനും ജനാധിപത്യ അവകാശം വിനയോഗിക്കണ്ടത്. ഏത് പാർട്ടികൾ ഭരണത്തിൽ വന്നാലും ഭാരതം ഉയരണം വളരണം. സമാധാനം ഉണ്ടാകണം. സാധുക്കളെ സംരക്ഷിക്കണം, കലാപങ്ങളും കുലപാതകങ്ങളും അമർച്ച ചെയ്യപെടണം. അതാണ് നടപ്പാക്കേണ്ടതും നിലനിർത്തേണ്ടതും. അങ്ങനെ ചെയ്യുവാൻ കഴിയുന്ന സ്ഥാനാർത്ഥികൾ വിജയിക്കണം. കൊടിയുടെ നിറം നോക്കാതെ പുരോഗമന ചിന്തയുള്ളവരെ തെരഞ്ഞെടുക്കണം. അതിന് വോട്ടവകാശമുള്ള എല്ലാ പൗരന്മാരും വോട്ടവകാശം രേഖപ്പെടുത്തണം. ഓരോ വോട്ടും വളരെ വിലയേറിയതാണ്. ഏകാധിപത്യത്തെ മുന്നിൽകണ്ട് വോട്ടുകൾ പിടിച്ചെടുക്കുന്ന സമ്പ്രദായം ജനാധിപത്യമല്ല. അത് കയ്യേറ്റമാണ്.

ഇന്ത്യ ഇനിയും പുരോഗമനത്തിൽ ഉയരണം. സ്വാതന്ത്ര്യം കിട്ടിയ നാളുകൾ മുതൽ രാഷ്ട്രശില്പികൾ ഭാരതത്തെ പുരോഗമനത്തിലേയ്ക്ക് വളർത്തുകയാണ്. പെട്ടന്നുള്ളതല്ല ഇന്ത്യയുടെ പുരോഗമനം. അതിന് പൂർവ്വ നേതാക്കന്മാരുടെ പങ്ക് മറക്കുവാൻ പറ്റുന്നതല്ല. അതിന്റെ തുടർച്ചയാണ് ഇപ്പോഴുള്ള ഓരോ പുരോഗമനവും. ഇനിയും പുരോഗമിക്കണം നാമും നമ്മുടെ രാജ്യവും. ആതിനു വേണ്ടി സമാധാനപരമായ തെരഞ്ഞെടുപ്പാകട്ടെ നടക്കുന്നത്. എല്ലാവരും ഉറ്റുനോക്കുന്നു ആരു ഭരിക്കും ഇന്ത്യ? ആരു നേടും ഭൂരിപക്ഷം? കാലുവരാലും, കൂടുമാറ്റവും, കൂറുമാറലും, വിലപേശലും, വിഘടിപ്പിക്കലും, അറസ്റ്റും, ജയിലും, വാക്പ്പോരും, മതതൃഷ്ണയും കൊണ്ട് നിറഞ്ഞതാണ് ഈ തെരഞ്ഞെടുപ്പ്. ഇതൊക്കെ രാജ്യത്തിന് സമാധാനം കൊണ്ടുവരുമോ? അതോ അസ്വസ്ഥതയുടെ നാളുകളാണോ നാം കാത്തിരിക്കുന്നത്?

# യേശുവിന്റെ രഹസ്യജീവിതം

യേശു നമ്മോടൊപ്പം ഒരു സാധാരണ ജീവിതത്തിൽ പങ്കുചേരാനും അങ്ങനെ നമ്മുടെ അനുദിന കർമ്മപദ്ധതി വിശുദ്ധീകരിക്കാനും ആഗ്രഹിച്ചുകൊണ്ട് യേശു തൻറെ പരസ്യജീവിതം തുടങ്ങാൻ മുപ്പതു വർഷം കാത്തിരുന്നത്. മാതാപിതാക്കളുടെ സ്നേഹവും വാത്സല്യവും ലഭിക്കുകയും അവരാൽ വളർത്തപ്പെടുകയും ചെയ്ത ശിശുവായിരുന്നു യേശു. അങ്ങനെ യേശു മാതാപിതാക്കൾക്കു വിധേയരായി ജീവിക്കുകയും, ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിൻറെയും മനുഷ്യരുടെയും പ്രീതിയിൽ വളരുകയും ചെയ്തു (ലൂക്കോസ് 2:51–52).

യേശു ഒരു യഹൂദ ഗ്രാമീണ സമൂഹത്തിലെ അംഗമായിരുന്നു. അവരുടെ മതപരമായ അനുഷ്ഠാനങ്ങളിൽ പങ്കെടുത്തു. ഒരു തൊഴിൽ പഠിച്ചു. ഒരു തച്ചനെന്ന നിലയിൽ തൻറെ വൈദഗ്ധ്യം തെളിയിക്കേണ്ടിയിരുന്നു. ദൈവം യേശുവിൽ ഒരു മാനുഷിക കുടുംബത്തിൽ പിറക്കാനും അതിൽ വളരാനും നിശ്ചയിച്ചു. ഇതിലൂടെ കുടുംബം ലോകം മുഴുവനുമുള്ള കുടുംബങ്ങൾക്ക് എന്നും മാതൃകയും, വേദനകളിൽ ആശ്രയവുമായി തീർന്നു.

തൻറെ ഭൗമിക ജീവിതത്തിൻറെ ഏറിയഭാഗവും യേശു ചെലവഴിച്ചത്, ബഹുഭൂരിഭാഗം മനുഷ്യരുടെയും ജീവിതാവസ്ഥയിൽ പങ്കുചേർന്നുകൊണ്ടായിരുന്നു. പ്രകടമായ മാഹാത്മ്യമൊന്നും കൂടാതെ, കരവേലചെയ്താണ് അനുദിനം ജീവിച്ചത്. ദൈവിക നിയമത്തിനു വിധേയമായി, യഹൂദ മതപ്രകാരം സമൂഹത്തിൽ ജീവിച്ചു.


തൻറെ മാതാവിനും വളർത്തുപിതാവിനും വിധേയനായി ജീവിച്ചുകൊണ്ട്, യേശു നാലാം പ്രമാണം പൂർണമായി അനുസരിച്ചു. തൻറെ സ്വർഗീയപിതാവിനോടുള്ള പുത്രനിർവിശേഷമായ സ്നേഹത്തിൻറെ കാലികപ്രതീകമായിരുന്നു അത്. ജോസഫിനെയും മറിയയേയും അനുദിനം അനുസരിച്ചത്, ഗെദ്സെമനാ തോട്ടത്തിലെ അനുസരണത്തിൻറെ പ്രഖ്യാപനവും മുൻനിർവഹണവുമായിരുന്നു. ക്രിസ്തുവിൻറെ രഹസ്യജീവിതത്തിലെ ദിനചര്യയിൽ അവിടുന്ന് കാണിച്ച അനുസരണം ആദാമിൻറെ അനുസരണക്കേടു മനുഷ്യർക്കു നഷ്ടപ്പെടുത്തിയതു പുന:സ്ഥാപിക്കാനുള്ള ദൈവികപദ്ധതിയുടെ പ്രാരംഭം തന്നെയായിരുന്നു.

പരസ്യജീവിതം തുടങ്ങാൻ 'സാധാരണ ജീവിതം നയിച്ചുകൊണ്ട്' മുപ്പതു വർഷം കാത്തിരുന്നതിലൂടെ യേശു നമ്മുടെ ഈ ലോകജീവിതത്തിലെ എല്ലാ വേദനകളിലും കഷ്ടപാടുകളിലും പങ്കുചേരുന്നു. നമ്മെപ്പോലെ ഈ ഭൂമിയിലെ ജീവിതത്തിന്റെ എല്ലാ വേദനകളും കഷ്ടപ്പാടുകളും സഹിച്ചു. നമ്മുടെ പാപങ്ങൾ മാത്രമല്ല നമ്മുടെ അനുദിന ജീവിതത്തിലെ കഷ്ടപ്പാടുകളും വേദനകളും രോഗങ്ങളും ഏറ്റെടുക്കുവാൻ യേശുവിനു സാധിക്കും. അതുകൊണ്ടാണ് യേശു ഇപ്രകാരം പറഞ്ഞത്: 'അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും' (മത്തായി 11:28). നമ്മുടെ ദൈവം എവിടെയോ മറഞ്ഞിരിക്കുന്ന ദൈവമല്ല; നമ്മോടൊപ്പം ഒരു സാധാരണ ജീവിതത്തിൽ പങ്കുചേരാനും അങ്ങനെ നമ്മുടെ അനുദിന കർമ പദ്ധതി വിശുദ്ധീകരിക്കാനും ആഗ്രഹിക്കുന്ന ദൈവമാണ്.



വിനീഷ് തങ്കച്ചൻ

# എലോഹീ, എലോഹീ ലമ്മാ ശബ്ബക്താനീ!



ജോയ് മാത്യു

ഒമ്പതാം മണിനേരത്തു യേശു: എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതു എന്തു എന്നു അർത്ഥമുള്ള എലോഹീ, എലോഹീ ലമ്മാ ശബ്ബക്താനീ എന്നു അത്യുച്ചത്തിൽ നിലവിളിച്ചു.

*"My God, my God, why have you forsaken me?"* (Mark 15:34)

ലോകത്തിലെ ഏറ്റവും ഭയാനകമായ നിലവിളിയായിരുന്നു ഇത്.

ആരാമ്യ ഭാഷയിൽ അവിടുന്ന് നിലവിളിച്ചു...

*"ELOI, ELOI, LAMA SABACHTHANI"*

"ആറാം മണി നേരമായപ്പോൾ ഒമ്പതാം മണി നേരത്തോളം ദേശത്ത് എല്ലാം ഇരുട്ട് ഉണ്ടായി. ഒമ്പതാം മണി നേരത്ത് യേശു: "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടത് എന്ത്" എന്ന് അർത്ഥമുള്ള "എലോഹീ, എലോഹീ, ലമ്മാ ശബ്ബക്താനീ" എന്ന് അത്യുച്ചത്തിൽ നിലവിളിച്ചു. അരികെ നിന്നവരിൽ ചിലർ കേട്ടിട്ട്: അവൻ ഏലീയാവെ വിളിക്കുന്നു എന്നു പറഞ്ഞു. ഒരുത്തൻ ഓടി ഒരു സ്പോഞ്ചിൽ പുളിച്ച വീഞ്ഞു നിറച്ച് ഒരു ഓടക്കോലിന്മേലാക്കി: നില്പിൻ; ഏലീയാവ് അവനെ ഇറക്കുവാൻ വരുമോ എന്നു നമുക്കു കാണാം എന്നു പറഞ്ഞ് അവനു കുടിപ്പാൻ കൊടുത്തു. യേശു ഉറക്കെ നിലവിളിച്ചു പ്രാണനെ വിട്ടു. ഉടനെ മന്ദിരത്തിലെ തിരശ്ശീല മേൽതൊട്ട് അടിയോളവും രണ്ടായി ചീന്തിപ്പോയി. അവന് എതിരേ നിന്നിരുന്ന ശതാധിപൻ, അവൻ ഇങ്ങനെ പ്രാണനെ വിട്ടതു കണ്ടിട്ട്: ഈ മനുഷ്യൻ ദൈവപുത്രൻ ആയിരുന്നു സത്യം എന്നു പറഞ്ഞു. സ്ത്രീകളും ദൂരത്തുനിന്നു നോക്കിക്കൊണ്ടിരുന്നു; അവരിൽ മഗ്ദലക്കാരത്തി മറിയയും ചെറിയ യാക്കോബിന്റെയും യോസെയുടെയും അമ്മ മറിയയും ശലോമയും ഉണ്ടായിരുന്നു. അവൻ ഗലീലയിൽ ഇരിക്കുമ്പോൾ അവർ അവനെ അനുഗമിച്ചും ശുശ്രൂഷിച്ചും പോന്നു; അവനോടുകൂടെ യെരൂശലേമിലേക്കു വന്ന മറ്റു സ്ത്രീകളും ഉണ്ടായിരുന്നു (മർക്കോസ് 15:33-41).

എന്റെ ശക്തി ഓട്ട് കഷ്ണം പോലെ ഉണങ്ങിയിരിക്കുന്നു എന്റെ നാവ് അണ്ണാക്കോട് പറ്റിയിരിക്കുന്നു നീയെന്നെ മരണത്തിന്റെ പൊടിയിൽ ഇട്ടുമിരിക്കുന്നു (സങ്കീ. 22:15). "എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്? എന്നെ രക്ഷിക്കാതെയും എന്റെ ഞരക്കത്തിന്റെ വാക്കുകൾ കേൾക്കാതെയും അകന്നു നിൽക്കുന്നതെന്ത്? (സങ്കീ. 22:1). നാം പാപം സംബന്ധിച്ച് മരിച്ച് നീതിക്ക് ജീവിക്കേണ്ടതിന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി, അവന്റെ അടിപ്പിണരാൽ നിങ്ങൾക്ക് സൗഖ്യം വന്നിരിക്കുന്നു. (1 Peter 2:24). യേശു ക്രൂശിൽ വേദന സഹിച്ചത് നമ്മുടെ പാപങ്ങൾക്ക് വേണ്ടിയായിരുന്നു... ദൈവമായവൻ മനുഷ്യന്റെ എല്ലാ വേദനയും മനസ്സിലാക്കി..

"ദൈവവും കൈവിട്ടോ"? ഒരു വ്യക്തിയുടെ നിലവിളിയുടെ അങ്ങേയറ്റമാണിത്... ദൈവവും കൈവിട്ടോ? എല്ലാവരും കൈവിട്ടാലും എനിക്കൊന്നുമില്ല ദൈവം കൈവിടാതിരുന്നാൽ മതി എന്ന് നാമൊക്കെ പറയാറില്ലേ... ദൈവവും ഉപേക്ഷിക്കപ്പെടുന്നവന്റെ വേദന ക്രൂരമല്ലേ... വേദനയുള്ളവന്റെ അവസാന വാക്കാണ് ദൈവം. അവിടെനിന്നും സഹായം ലഭിക്കാതെ വന്നാൽ... പിന്നെ അതിനപ്പുറം ഒന്നുമില്ല! നിലവിളിയുടെ പാരമ്യം! എല്ലാവരും ഉപേക്ഷിക്കപ്പെടുന്നതിന്റെ തീവ്ര വേദന മനസ്സിലാക്കിയവനാണ് യേശു. ക്രൂശ് നമ്മുടെ വേദനകൾ ഇറക്കിവയ്ക്കാനുള്ള സ്ഥലമാണ്..

The cross is a place to lay down our pains.

നമ്മുടെ വേദനകളുടെ പരിഹാരം ക്രൂശിന്റെ ചുവട്ടിലാണ്... നമ്മുടെ സങ്കടങ്ങളുടെ ആഴം അവനറിയാം. അവനു മാത്രമേ അറിയൂ... മക്കളില്ലാത്തവന്റെ വേദന... മാതാപിതാക്കൾ ഇല്ലാത്തവന്റെ വേദന... പണമില്ലാത്തവന്റെ വേദന... വീടില്ലാത്തവന്റെ വേദന... കൂട്ടില്ലാത്തതിന്റെ വേദന... മനസ്സിനും ശരീരത്തിനും ഏൽക്കുന്ന മുറിവുകളുടെ ആഴം അറിയുന്ന ക്രിസ്തു... നമ്മുടെ സകല വേദനകളും മനസ്സിലാക്കുന്നു! എലോഹീ, എലോഹീ ലമ്മാ ശബ്ബക്താനീ...

# പ്രാർത്ഥനക്ക് പകരം വയ്ക്കാൻ പ്രാർത്ഥന മാത്രം

എല്ലാം മതത്തിന്റെയും പ്രധാനപ്പെട്ട ചടങ്ങുകളിൽ ഒന്നാണ് പ്രാർത്ഥന.ദൈവവുമായി ആശയ വിനിമയം നടത്തുക എന്നതാണ് നാം പ്രാർത്ഥിക്കുന്നതിന്റെ ഒരു ഉദ്ദേശം. ഒരു ദൈവ പൈതൽ ദൈവവുമായി ആശയവിനിമയം നടത്തുന്ന പ്രക്രിയയിൽ നമ്മുടെ ജീവിതത്തിനു ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും,പ്രതികൂല പ്രതിസന്ധികളിൽ നിന്നുമുള്ള വിടുതലും, അനുഗ്രഹങ്ങളും അവിടുന്ന് നൽകുന്നു.നാം ദൈവവുമായി പ്രാർത്ഥനയിലൂടെ ആശയ വിനിമയം നടത്തുമ്പോൾ നമ്മുടെ ജീവിതത്തിനു മുന്നോട്ടുള്ള വിജയകരമായ നടത്തിപ്പിന് ആവശ്യം മായ മാർഗ്ഗ നിർദേശങ്ങൾ അവിടുന്ന് നൽകുന്നു.യിരെമ്യാവ് 33:3 ലുടെ കർത്താവു നമ്മോടു പറയുന്നു എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിനക്കുത്തരം അരുളും; നീ അറിയാത്ത മഹത്തായും അഗോചരമായും ഉള്ള കാര്യങ്ങളെ ഞാൻ നിന്നെ അറിയിക്കും. യഥാർത്ഥത്തിൽ പ്രാർത്ഥന ദൈവത്തോട് സംസാരിക്കുന്നതു ആയിരിക്കണം മറിച്ചു ഒരു കടമ നിർവഹിക്കാനായി മാറരുത്. പ്രാർത്ഥനയുള്ള മനുഷ്യന്റെ ജീവിതം ഒരിക്കലും ദിശബോധം ഇല്ലാതിരിക്കയില്ല.നാം കഴിക്കുന്ന ഭക്ഷണം പോലെ, കുടിക്കുന്ന വെള്ളം പോലെ,ശ്വസിക്കുന്ന വായു പോലെ ഒരു ദൈവ പൈതലിന്റെ ജീവിതത്തിൽ പ്രാർത്ഥനയും ഏറ്റവും അത്യന്താപേക്ഷിതമാണ്. നാം നിരന്തരമായി ദൈവത്തോട് പ്രാർത്ഥിക്കുമ്പോൾ അവിടുന്ന് തന്റെ ഉദ്ദേശങ്ങളും നന്മുടെ ജീവിതത്തെ കുറിച്ചുള്ള പദ്ധതികളും അവിടുന്ന് നമുക്ക് വെളിപ്പെടുത്തി തരും. പ്രാർത്ഥനയുടെ ശക്തി ദൈവത്തോളം വലുതാണ്, ഈ തിരിച്ചറിവ് ഉണ്ടങ്കിൽ നാം നമ്മുടെ ജീവിതത്തിൽ ഒരിക്കലും പരാജിതരാകുകയില്ല. ദൈവവുമായിട്ടുള്ള നമ്മുടെ കൂട്ടായ്മ ജ്വലിപ്പിക്കുവാനുള്ള അഥവാ തീക്ഷ്ണമാക്കുവാനുള്ള ഏറ്റവും ഫലവത്തായിട്ടുള്ള മാർഗം നമ്മുടെ പ്രാർത്ഥന ആണ്.ഏതു പ്രതിസന്ധികളിലും, ഏതു പ്രയാസങ്ങളിലും, വേദനയിലും ഒരു ദൈവപൈതലിന്റെ പ്രതികരണം പ്രാർത്ഥനയിൽ കൂടെ ആണെങ്കിൽ അവിടെ ദൈവികമായിട്ടുള്ള അത്ഭുതം കാണ്മാൻ കഴിയും.ദൈവം നമ്മെ കണ്ടിരിക്കുന്നത് വിശേഷത ഉള്ളവർ ആയിട്ടാണ്. ആവർത്തനം 4:7 നമ്മുടെ ദൈവമായ യഹോവയോട് വിളിച്ചു അപേഷിക്കുമ്പോയൊക്കെയും അവൻ നമുക്ക് അടുത്തിരിക്കുന്നത് പോലെ ദൈവം ഇത്ര അടുത്തിരിക്കുന്ന ശ്രേഷ്ഠജാതി ഏതുള്ളു. പ്രാർത്ഥിക്കുവാൻ ഒരു മനുഷ്യൻ ഉണ്ടങ്കിൽ പ്രാർത്ഥന കേൾക്കുന്ന ഒരു ദൈവം ഉണ്ടന്ന് എല്ലാവരും അറിയുവാൻ ഇടയായി തീരും. നമ്മുടെ ദൈവം പ്രാത്ഥന കേട്ട് ഉത്തരം ആരുളുന്നവനാണ്. നാം പ്രാർത്ഥിക്കുമ്പോൾ നമുക്ക് അറിഞ്ഞു കൂടാത്ത ആരോടോ ഒന്നിനോടോ നാം ചില കാര്യങ്ങൾ പറയുകയല്ല പ്രത്യുതാ നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരമരുളാൻ താൽപ്പര്യം മായിരിക്കുന്ന ദൈവത്തോട് നാം നമ്മുടെ കാര്യങ്ങളെ അറിയിക്കുകയാണ്. തന്നെ സത്യമായി വിളിച്ചു അപേക്ഷിക്കുന്നുന്നവർക്ക് അവിടുന്ന് സമീപസ്ഥനായ ദൈവമാണ്. തകർന്നും നുറുങ്ങിയും ഇരിക്കുന്ന ഹൃദയത്തെ അവിടുന്ന് നിരസിക്കുകയില്ല. എഴുതി വച്ചതു എന്തോ കാണാതെ ഉരുവിടുന്നത് പ്രാർത്ഥന ആകുകയില്ല. ഹൃദയ ത്തിൽനിന്നു ബോധപൂർവം തുറന്നു സംസാരിക്കുന്ന ഒരു അനുഭവം ആയിരിക്കണം പ്രാർത്ഥന. നമ്മുടെ ഭാരങ്ങൾ,വേദനകൾ, ആവശ്യങ്ങൾ ഒക്കെ കർത്താവിനോട് പറയുക മാത്രമല്ല അവൻ നമ്മോടു ചിലതു പറയുവാൻ നാം ക്ഷമയോട് കാത്തിരിക്കുകയും കൂടാതെ കർത്താവു പറയുന്നത് ശ്രദ്ധയോട് കേൾക്കാനും അത് അനുസരിക്കുവാനും ഉള്ള മനോഭാവം നമ്മിൽ ഉണ്ടാകുകയും അത് വളർത്തി എടുക്കുകയും വേണം. ആകയാൽ നാം പ്രാർത്ഥനയിലൂടെ സൃഷ്ടാവിങ്കലേക്കു മടങ്ങുക,അവൻ നിങ്ങൾക്കായി കാത്തിരിക്കുന്നു അവൻ നമ്മെ സ്നേഹിക്കുന്നു കർത്താവിനു നമ്മോടു സംസാരിക്കാൻ ആഗ്രഹമുണ്ട്. നമ്മുടെ ക്രിസ്തീയ ജീവിതത്തിന് ഈ ചിന്ത സഹായകം ആകട്ടെ എന്ന് പ്രാത്ഥിച്ചു കൊള്ളുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. സകല മഹത്വവും എന്റെ ദൈവത്തിന് അർപ്പിക്കുന്നു, മാറാ നാഥാ.



സുവി. ബിനുമോൻ കെ. ജി.

# ഉണർവിനായി പ്രാർത്ഥിച്ചുവോ?

ഉണർവ്വിന്റെ പേരിൽ ദൈവവചനത്തിന് വിരുദ്ധമായി കാണിക്കുന്ന കോപ്രായങ്ങൾ കാണുമ്പോൾ, ഇത് പോസ്റ്റ് ചെയ്യാതെ വയ്യ...

ദൈവത്തിനായി ദാഹിക്കുന്ന ഒരുപറ്റം യുവജനങ്ങളുടെ ഹൃദയത്തിലെ ആഴമായ ആഗ്രഹത്തെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് കാലോചിതമായി തിരിച്ചറിഞ്ഞുകൊണ്ട് അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും കണ്ണുനീരിന്റെയും ആത്മാർത്ഥമായ ഹൃദയത്തകർച്ചയിലൂടെയുള്ള ഒരു മനസ്താപം ഉണ്ടാക്കുകയും ദൈവത്തിങ്കലേക്കുള്ള തിരിച്ചു വരവായി മാറ്റപ്പെടുന്ന ഒരു ആത്മീക ഉണർവിന് അവർ തയ്യാറാകുകയും ചെയ്യുന്നതിന്  ലോകം സാക്ഷ്യം വഹിക്കുമ്പോൾ എല്ലാ കണ്ണുകളും കാതുകളും എത്തിയത് കെന്റക്കിയിലുള്ള ആസ്ബറി യൂണിവേഴ്സിറ്റിയിലേക്ക് ആണ്.

മനുഷ്യൻ വിചാരിച്ചാൽ നടക്കാത്ത, നമ്മുടെ പാട്ടുകൾ കൊണ്ടോ ആത്മീയതയുടെ ആധിക്യം കൊണ്ടോ, താളമേള ലയവിന്യാസങ്ങളുടെ കൊഴുപ്പു കൊണ്ടോ ലൈം ലൈറ്റുകളുടെ മിന്നിത്തിളക്കം കൊണ്ടോ ഉണർവ്വ് വരുന്നു എന്ന് കരുതിയ കാലത്തിന്റെ വക്താക്കൾക്ക് ശക്തമായ തിരിച്ചറിവും, മുന്നറിയിപ്പും, ബോധവും വരുത്തിക്കൊണ്ട്, ശാന്തമായ അന്തരീക്ഷത്തിൽ യഥാർത്ഥ ഉണർവ്വിന്റെ അനുഭവം വിദ്യാർത്ഥികൾക്ക് അനുഭവവേദ്യമായത്.

പാപത്തിൽ മുങ്ങിയ,അനീതിയും അരാജകത്വവും മുമ്പെങ്ങുമില്ലാത്ത പോലെ ഉയർത്തെഴുന്നേറ്റിരിക്കുന്ന പാപപങ്കിലമായ ജീവിതത്തിൽ ജഡീക ഇച്ഛകൾക്ക് വേണ്ടി മനുഷ്യൻ ദൈവത്തെയും ദൈവ വചനത്തെയും തള്ളിക്കളയുമ്പോൾ യഥാർത്ഥമായ പാപബോധം ഉടലെടുക്കുകയും ഏറ്റുപറച്ചിലിന്റെയും അനുതാപത്തിന്റെയും അനുഭവം ഉണ്ടാകണം എന്ന ദൈവീക ഇഷ്ടം വെളിപ്പെടുകയായിരുന്നു.

ഒരു പ്രത്യാശയും എങ്ങും കാണാതിരിക്കുമ്പോൾ തീക്ഷ്ണമായി ദൈവീക പ്രവർത്തനങ്ങൾക്കുവേണ്ടിയും  വലിയ ഒരു ഇടപെടൽ ഉണ്ടാകുവാൻ വേണ്ടി രാത്രികളിൽ ആരുമറിയാതെ കണ്ണീരൊഴുക്കിയ ഒരു കൂട്ടം ചെറുപ്പക്കാരുടെ ഹൃദയത്തിലെ ആഗ്രഹം കർത്താവ് സാധിപ്പിച്ചു.സെമിനാരി വിദ്യാർത്ഥികളിൽ നിന്ന് സമൂഹത്തിലേക്ക് ആ ഉണർവ്വ് വ്യാപിച്ചു നൂറു പേരിൽ നിന്ന് ആയിരങ്ങളിലേക്ക് ആ ഉണർവ്വ് ഉണ്ടായി എന്ന് ലോക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

ആസ്ബറി യൂണിവേഴ്സിറ്റിയുടെ സെമിനാരി ഓഡിറ്റോറിയത്തിനകത്ത് പരിശുദ്ധാത്മാവ് വലിയ മഴയായി പെയ്തിറങ്ങി. ആസ്ബറി യൂണിവേഴ്സിറ്റിയിലെ ചാപ്പലിൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ക്രമമായി ആരാധന ക്രമീകരിക്കപ്പെടാറുണ്ട്. യൂണിവേഴ്സിറ്റിയിലെ ചാപ്പലിൽ പ്രവർത്തി ദിവസങ്ങളിൽ നിശ്ചയമായും ഉള്ള ആരാധനകളിൽ എല്ലാ വിദ്യാർത്ഥികളും നിർബന്ധമായി പങ്കെടുക്കണം എന്നുള്ളത് നിയമമാണ്

2023 ഫെബ്രുവരി എട്ടാം തീയതി രാവിലെഅങ്ങനെ നിർബന്ധപൂർവ്വം ആരാധനയ്ക്കായി പങ്കെടുത്ത വിദ്യാർത്ഥികൾ നടത്തിയ ആരാധന ഉണർവിന്റെ ആരംഭം കുറിക്കുന്നത് ആയിമാറി ആരാധനയുടെ അവസാനം അവിടെ കൂടിയവർക്ക് സ്വയം സമർപ്പിതരാകുവാനും പാപങ്ങൾ ഏറ്റു പറയുവാനുള്ള ആഹ്വാനം ലഭിച്ചതിനെത്തുടർന്ന് ഗായകർ പാട്ടുകൾ പാടി കൊണ്ടിരിക്കുമ്പോൾ തന്നെ പരസ്യമായി പാപങ്ങൾ ഏറ്റുപറഞ്ഞ് മാനസാന്തരപ്പെട്ടു കൊണ്ട് വിദ്യാർത്ഥികൾ മുന്നിലേക്ക് വന്നു. ദൈവത്തിൽ നിന്ന് അകന്ന് പോയ മനുഷ്യൻ ദൈവസ്നേഹത്തിലേക്ക് മടങ്ങി പോവുക എന്നതാണ് ഉണർവ്വ് കൊണ്ട് അർത്ഥമാക്കുന്നത്.


ഇരുപതാം നൂറ്റാണ്ടിൽ നടന്ന വലിയ ഉണർവ്വുകളിൽ, ആരാധനകളിലും, തെരുവുകളിലും ഒക്കെ ജനങ്ങൾ പാപബോധം കൊണ്ട് കിടന്ന് നിലവിളിച്ചു മനസാന്തരപ്പെട്ട ചരിത്രങ്ങൾ പരിശുദ്ധത്മാവ് നമ്മെ ഒന്ന് കൂടി ഓർപ്പിക്കുന്നു... ഇനിയും ലോക രാജ്യങ്ങളിൽ ഈ കാറ്റ് വീശും, മാറ്റം ഉണ്ടാവും.. അതിനായി ആത്മാർത്ഥമായി സമയം വേർതിരിച്ചു പ്രാർത്ഥിക്കുവാൻ നമ്മൾ തയ്യാറാകണം.

എന്നിൽ നിന്ന് ആ മാറ്റം ഉണ്ടാകണം, എന്റെ കുടുംബത്തിൽ, സഭയിൽ സമൂഹത്തിൽ ഉണ്ടാകണം എന്ന് പ്രാർത്ഥിക്കാൻ തുടങ്ങട്ടെ.. ശിഥിലമായി കൊണ്ടിരിക്കുന്ന സഭകൾക്ക്, ജീർണിച്ച സഭാനേതൃത്വങ്ങൾക്ക്, അധികാരത്തിന്റെ അപ്പക്കഷണങ്ങൾക്ക് വേണ്ടി കടിപിടി കൂടുന്ന കപട ആത്മീയ പരീശ കൂട്ടങ്ങൾക്ക് ഒരു മനസാന്തരം ഉണ്ടാകട്ടെ. സ്നേഹ സദ്യകളിൽ നുഴഞ്ഞു കയറിയ പാറക്കല്ലുകൾ തകരട്ടെ, ആട്ടിൻപറ്റത്തിൽ അലിഞ്ഞു ചേർന്ന ചെന്നായകളുടെ ചോരയൂറ്റുന്ന ദ്രംഷ്ടകൾ തരിപ്പണം ആകട്ടെ, ദുരുപദേശത്തിന്റെ വിഷവിത്തുകൾ വിതച്ചു സ്വന്തം ജീവിതം കരുപ്പിടിപ്പിക്കുന്ന സ്വാർത്ഥ സേവകരുടെ മുഖംമൂടി അഴിഞ്ഞു വീഴട്ടെ! നമുക്ക് ഒരു ഉണർവ്വിനായി പ്രാർത്ഥിക്കാം...



**ജസ്റ്റിൻ കായംകുളം**

# സുവിശേഷം ശ്രവിക്കുവാനും പുസ്തകം വായിക്കാനും മലയാളികളെ പഠിപ്പിച്ച ഡോ. കെ. പി. യോഹന്നാൻ



ഞാൻ ഡോ. കെ. പി. യോഹന്നാൻ, ഇത് ആത്മീയ യാത്ര! ഒരു കാലത്ത് പ്രഭാതത്തിൽ മലയാളികളെ വിളിച്ചുണർത്തിയ ശബ്ദം. പക്ഷേ ഏറെക്കാലം അതു തുടർന്നില്ല. എവിടെയൊക്കെയോ സംഭവിച്ച ചില വ്യതിചലനങ്ങൾ ആ ശബ്ദത്തെ നിശബ്ദമാക്കി. പിന്നീടു വന്ന ശബ്ദങ്ങൾ കേൾക്കാൻ ആരും ഇഷ്ടപ്പെട്ടുമില്ല. ഇപ്പോഴിതാ ആ ശബ്ദം എന്നേക്കുമായി നിലച്ചിരിക്കുന്നു.

1984 ൽ ആണ് ആദ്യമായി ഡോ. കെ. പി. യോഹന്നാനെ കാണുന്നത്. കീഴില്ലം കനാൽ ജംഗ്ഷനിൽ നടന്ന ഒരു കൺവൻഷനിൽ അദ്ദേഹമായിരുന്നു മുഖ്യപ്രഭാഷകൻ. തുടർന്ന് വൈറ്റില കേന്ദ്രമാക്കി ഗോസ്പൽ ഫോർ ഏഷ്യ പ്രവർത്തനമാരംഭിച്ചപ്പോൾ അവരുടെ പല പ്രോഗ്രാമുകളിലും സംബന്ധിച്ചു. പയ്യന്നൂരിനടുത്ത് അരവിഞ്ചാലിൽ നടന്ന ഒരു ഓൾ നൈറ്റ് പ്രയറിൽ വചനശുശ്രൂഷയ്ക്കു ക്ഷണിച്ചിട്ടു പോയത് ഓർക്കുന്നു. മഞ്ഞാടിയിൽ ഓഫീസ് ആരംഭിച്ചശേഷം ഗോസ്പൽ ഇൻ ആക്ഷൻ ഫെല്ലോഷിപ്പിന് ജിഎഫ്എ നൽകിയ വാനും മൂവി പ്രൊജക്ടറും കരുണാസാഗരം ഫിലിമും ഉപയോഗിച്ച് കേരളത്തിന്റെ വടക്കൻ ജില്ലകളിൽ ഫിലിംഷോകൾ നടത്തിയിരുന്നു. മിഷനറിമാർക്കെല്ലാം ആത്മീയയാത്ര റേഡിയോ പ്രോഗ്രാം കേൾക്കുവാൻ പോക്കറ്റ് റേഡിയോ വിതരണം ചെയ്തതിൽ ഒരെണ്ണം എനിക്കും ലഭിച്ചു. ഞങ്ങൾ കുടുംബമായി കക്കുടുമണ്ണിൽ പ്രവർത്തിക്കുമ്പോൾ ഒരു വർഷത്തോളം GFA യിൽ നിന്നു വീട്ടുവാടക ലഭിച്ചിരുന്നത് വലിയ ആശ്വാസമായിരുന്നു. ഞാൻ റീഡേഴ്സിൽ പ്രവർത്തിക്കുമ്പോഴാണ് ബിലീവേഴ്സ് ചർച്ച് പ്രസിദ്ധീകരിക്കുന്ന ബൈബിളിന്റെ പ്രവർത്തനത്തിൽ പങ്കാളിയാകാൻ അവസരം ലഭിച്ചത്. ജേക്കബ് മാത്യു സാറും പി.എസ്. ചെറിയാൻ സാറുമായിരുന്നു പ്രസിദ്ധീകരണങ്ങളുടെ ചുമതല. ബൈബിളിന്റെ പ്രൂഫ് ആറു പ്രാവശ്യം വായിച്ചു തിരുത്തുവാൻ അവസരം ലഭിച്ചു. പിന്നീടാണ് പുസ്തക പരിഭാഷ എന്നെ ഏല്പിച്ചത്. ഡോ. കെ. പി. യോഹന്നാന്റെയും ശ്രീമതി ഗിസില യോഹന്നാന്റെയും അടക്കം 17 പുസ്തകങ്ങൾ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി. ബിലീവേഴ്സ് ചർച്ചിന്റെ സണ്ടേസ്കൂൾ പാഠാവലി ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തി.

ഡോ. കെ. പി. യോഹന്നാന്റെ ചില ഗ്രന്ഥങ്ങൾ ആഴമായ ആശയങ്ങൾ അടങ്ങിയതായിരുന്നു. അദ്ദേഹത്തിന്റെ ചില മുന്നറിയിപ്പുകൾ പ്രവചനം പോലെ തിരിഞ്ഞുകൊത്തി എന്നു തോന്നിയിട്ടുണ്ട്. ഉദാഹരണത്തിന് “കാറ്റിനെതിരെ” എന്ന പുസ്തകത്തിൽ, ഏതൊരു സംഘടനയും 25 വർഷം കഴിഞ്ഞാൽ പിരിച്ചുവിടണമെന്നും അല്ലെങ്കിൽ ലക്ഷ്യത്തിൽനിന്നു വ്യതിചലിക്കുമെന്നും അദ്ദേഹമെഴുതി. അവസാനമായി പരിഭാഷപ്പെടുത്തിയത് Destined to Soar എന്ന പുസ്തകമാണ്. അതു പ്രസിദ്ധീകരിച്ചില്ല എന്നാണ് എന്റെ അറിവ്. Touching Godliness Through Submission ആണ് എനിക്കേറ്റവും ഇഷ്ടപ്പെട്ട ഗ്രന്ഥം. When We have Failed, What Next മികച്ച ബുക്ക്ലെറ്റാണ്. സഭാവാർത്തയുടെ വാർഷികപ്പതിപ്പ് ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തിയതാണ് അവസാനമായി അവർക്കുവേണ്ടി ചെയ്ത പരിഭാഷാ പ്രവൃത്തി.

പില്ക്കാലത്ത് “അച്ചായാ കുടിക്കരുതേ” മുതലായ പഴയകാല പുസ്തകങ്ങൾ എഡിറ്റു ചെയ്തു നൽകി. പ്രസിദ്ധീകരണ പ്രവർത്തനങ്ങൾ നിർത്തിയതോടെ ബിലീവേഴ്സ് ചർച്ചുമായുള്ള ആ ബന്ധം അവസാനിച്ചു.

ഒരു കാലഘട്ടത്തിൽ, സുവിശേഷത്തിന്റെ ലളിത ശബ്ദമായിരുന്ന, അനേകായിരങ്ങളെ ക്രിസ്തുവിലേക്കു നയിക്കുകയും അനേക കുടുംബങ്ങളെ തകർച്ചയിൽനിന്നു കരകയറ്റുകയും ചെയ്ത ഡോ. കെ. പി. യോഹന്നാന്റെ വേർപാട് തികച്ചും ദുഃഖകരം തന്നെയാണ്.



**മാത്യു പാലത്തുങ്കൽ**

## ഇസ്രായേൽ സർവ്വകലാശാലയുടെ റെക്റ്ററായി അറബ് ക്രിസ്ത്യൻ വനിത



**ഹൈഫ:** ആദ്യമായി അറബ് ക്രിസ്ത്യൻ വനിത, ഇസ്രായേലിലെ സർവ്വകലാശാലയുടെ റെക്ടറായി തെരഞ്ഞെടുക്കപ്പെട്ടു. പ്രൊഫസർ മൗന മറൂണാണ് ഹൈഫ സർവകലാശാലയുടെ റെക്ടറായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. ഹൈഫ സർവ്വകലാശാലയിൽ ഇതിന് മുൻപ് മറ്റൊരു അറബ് വംശജരായ, ക്രിസ്ത്യാനിയോ സ്ത്രീയോ റെക്ടർ സ്ഥാനം വഹിച്ചിട്ടില്ല. ഇസ്രായേലിലെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ റെക്ടറാണ് സർവ്വകലാശാലയുടെ തലവൻ. ഇസ്രായേൽ അക്കാദമിയിൽ എല്ലാം സാധ്യമാണ് എന്നതിന്റെ പ്രധാന സന്ദേശമാണ് തന്നെ തെരഞ്ഞെടുത്തിരിക്കുന്നതിലൂടെ വ്യക്തമായിരിക്കുന്നതെന്ന് മൗന പറഞ്ഞു.

മറൂൺ ജനിച്ച ഇസ്ഫിയ എന്ന ഗ്രാമത്തിൽ നിന്ന് ഏകദേശം ആറ് മൈൽ അകലെ കാർമൽ പർവതത്തിലാണ് ഹൈഫ സർവ്വകലാശാല സ്ഥിതി ചെയ്യുന്നത്. 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ലെബനോനിൽ നിന്ന് ഇവിടെയെത്തിയവരാണ് മറൂണിന്റെ കുടുംബം. അക്കാലത്ത് സ്കൂളുകൾ ഇല്ലായിരുന്നു. ഉന്നത വിദ്യാഭ്യാസത്തിലൂടെ മാത്രമേ തങ്ങളുടെ നാല് പെൺമക്കളെ ഇസ്രായേലി സമൂഹത്തിൽ സമന്വയിപ്പിക്കാൻ കഴിയൂവെന്ന് അവർ വിശ്വസിച്ചിരുന്നു. അതുകൊണ്ടാണ് പഠനം തുടരാൻ അവർ എന്നെ പ്രോത്സാഹിപ്പിച്ചതെന്ന് മൗന വെളിപ്പെടുത്തി. ഇസ്രായേലിലെ ഏറ്റവും വൈവിധ്യമാർന്നതും ഉൾക്കൊള്ളുന്നതുമായ സർവ്വകലാശാലകളിലൊന്നാണ് ഹൈഫ സർവകലാശാല. 17,000 വിദ്യാർത്ഥികളിൽ 45% അറബ് സമൂഹത്തിൽ നിന്നുള്ളവരാണ്.

## ഇൻഡോറിൽ പ്രാർത്ഥനയ്ക്ക് അനുമതി നിഷേധിച്ചു



**മദ്ധ്യപ്രദേശ്/ ഇൻഡോർ:** നാഷണൽ പ്രെയർ ആൻഡ് മിനിസ്ട്രി അലയൻസ് സംഘടിപ്പിച്ച പ്രാർത്ഥനാ സമ്മേളനത്തിന് അനുമതി നിഷേധിച്ച് സർക്കാർ. ഏപ്രിൽ 10ന് ആയിരുന്നു ഏകദേശം 8000 പേരെ പങ്കെടുപ്പിച്ച് യോഗം നടത്താൻ തീരുമാനിച്ചത്. റവ.ഡോ. പോൾ ദിനകരൻ ആയിരുന്നു മുഖ്യ അതിഥി പ്രസംഗകനായി ക്ഷണിച്ചിരുന്നത്. ഇലക്ഷൻ കമ്മീഷൻ ഉൾപ്പടെയുള്ള സർക്കാർ സംവിധാനങ്ങളും അനുമതി നൽകി എങ്കിലും, ഹിന്ദു സംഘടനകളും, ചില സാമൂഹിക സംഘടനകളും ഉന്നയച്ച പരാതികളുടെ അടിസ്ഥാനത്തിലാണ് അനുമതി നിഷേധിച്ചത്. യോഗം മത:പരിവർത്തനത്തിനായി ഉപയോഗിക്കപ്പെടാം എന്നായിരുന്നു പരാതി. മതപരമായ ഉദ്ദേശശുദ്ധിയെ കോടതി അംഗീകരിച്ചെങ്കിലും ക്രമസമാധാനത്തിന്റെ പേരിൽ ഹൈക്കോടതിയും അനുമതി നിഷേധിച്ചത്.

## ഡെസ്റ്റിനേഷൻ ഹെവൻ സ്ട്രീംമിംഗ് മെയ് മാസത്തിൽ




**ന്യൂയോർക്ക്:** വിശ്വാസവും കുടുംബവും എന്ന വിഷയത്തെ പ്രധാന പ്രമേയമാക്കിയ ക്രിസ്തീയ നാടകത്തിന്റെ സംപ്രേഷണം മെയ് 24ന് ആരംഭിക്കും. ഗ്രെയ്റ്റ് അമേരിക്കൻ പ്യൂർ ഫ്ലിക്സ്സിന്റെ മീഡിയ വിഭാഗമായ ഗെയ്റ്റ് അമേരിക്കൻ മീഡിയ ആണ് സംപ്രേഷണം ചെയ്യുന്നത്. പ്രശസ്ത നടൻ ഹാരി ലെനിക്സ്സാണ് ദൈവമായി വേഷം ഇടുന്നത്. ഹോം ഈസ് വേർ എന്ന സീരിയലാണ് ആദ്യം പ്രക്ഷേപണം ചെയ്യുന്നത്. തുടർന്ന് ഓരോ സീരിയലുകളും ഓരോ പേരിലാണ് പ്രക്ഷേപണം ചെയ്യുന്നത്. കുടുംബങ്ങളെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുക എന്നതാണ് പ്രധാന ലക്ഷ്യമെന്ന് പിന്നണി പ്രവർത്തകർ അറിയിച്ചു.

## നേപ്പാൾ മതാധിപത്യത്തിലേക്ക്

**കാഠ്മണ്ഡു:** 15 വർഷത്തിന് ശേഷം നേപ്പാൾ വീണ്ടും മതാധിപത്യത്തിലേക്ക് നീങ്ങുന്നതായി റിപ്പോർട്ട്. 15 വർഷത്തിന് മുമ്പ് ഹിന്ദുമത രാഷ്ട്രമായിരുന്നു നേപ്പാൾ ജനാധിപത്യ രാജ്യമായി മാറുകയായിരുന്നു. രണ്ട് വ്യാഴവട്ടത്തിന് മുമ്പ് മാത്രം ജനാധിപത്യ രാജ്യമായി പ്രക്യാപിക്കുമ്പോൾ അത് ലോക രാജ്യങ്ങൾക്കിടയിൽ വലിയ വാർത്തയായിരുന്നു. എന്നാൽ കഴിഞ്ഞ പത്ത് വർഷങ്ങളായി ഇന്ത്യയിൽ നിന്നുള്ള സ്വാധീനം നിമിത്തം രാജ്യത്ത് ഹിന്ദു മതതീവ്രവാതം വർദ്ധിച്ച് വരുന്നതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഇന്ത്യയിലെ ആർ എസ് എസിനെപ്പോലെ, നേപ്പാളിലും ഹിന്ദു സ്വയം സേവക് സംഘം (എച്ച്, എസ്, എസ്) ന്റെ പ്രവർത്തനം വളരെ ശക്തിയാർജ്ജിച്ചിരിക്കുകയാണ്.

പ്രസിദ്ധമായ പശുപതിനാഥ് ക്ഷേത്രത്തിൽ സന്ദർനത്തിനെത്തിയ ചില ഭക്തരും, ക്ഷേത്രത്തിലെ തന്നെ രണ്ട് സന്യാസിമാരും കിരൺ ഥാപ്പ എന്ന ഒരു സുവിശേഷകന്റെ പ്രാർത്ഥനയിൽ രോഗസൗഖ്യം പ്രാപിച്ചിരുന്നു. ഇത് ശ്രദ്ധിച്ച ഒരു പോലീസ്കാരൻ മന:പൂർവ്വം പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ഒടുവിൽ സുവിശേഷകനെ ജയിലിൽ അടക്കുകയും ചെയ്തിരുന്നു. സമാനമായ ധാരാളം സംഭവങ്ങളാണ് രാജ്യത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്നത്.

DISCLAIMER
The views and opinions expressed in this newspaper are those of the authors and do not necessarily reflect the official policy or position of our publication. While we strive to present content aligned with Christian values, the inclusion of diverse perspectives aims to foster open dialogue and understanding. Readers are encouraged to seek guidance through personal prayer and study of the Bible.

## സമാധാന ആഹ്വാനവുമായി 42 മണിക്കൂർ പ്രാർത്ഥനയുമായി നടന്ന് ബിഷപ്പ്

**ലാബ്രഡോർ:** ഇസ്രായേൽ-ഹമാസ് സംഘർഷം മൂലം ദുരിതമനുഭവിക്കുന്നവർക്ക് പിന്തുണയുമായി ഗാസ മുനമ്പിലെ ദൂരത്തിന് സമാനമായ ദൈർഘ്യം കാൽ നടയായി സഞ്ചരിച്ച് കത്തോലിക്കാ ബിഷപ്പ്. ഏപ്രിൽ 29-ന് കാനഡയിലെ ന്യൂഫൗണ്ട്ലാൻഡിലുള്ള കോർണർ ബ്രൂക്ക് ആൻഡ് ലാബ്രഡോർ രൂപതയിലെ ബിഷപ്പ് ബാർട്ട് വാൻ റോയ്ജെനാണ് സമാധാന ആഹ്വാനവുമായി പ്രാർത്ഥനയോടെ കാൽ നട തീർത്ഥാടനം നടത്തിയത്. യോർക്ക് ഹാർബറിൽ നിന്ന് കോർണർ ബ്രൂക്കിലേക്ക് 42 കിലോമീറ്റർ അഥവാ 26 മൈലിലധികം ദൂരം നടന്ന് ഹോളി റിഡീമർ കത്തീഡ്രലിലെ പ്രാർത്ഥനാ ശുശ്രൂഷയോടെയാണ് ബിഷപ്പ് യാത്ര അവസാനിപ്പിച്ചത്.

ഇസ്രായേലിലേയും ഗാസയിലെയും ഇരു പൗരന്മാരുടെയും ബുദ്ധിമുട്ടുകൾക്ക് നിശബ്ദമായി സാക്ഷ്യം വഹിക്കാനും അവിടെ നടക്കുന്ന അതിക്രമങ്ങൾ, നാശങ്ങൾ, അപമാനങ്ങൾ എന്നിവ അവസാനിപ്പിക്കണമെന്ന് പറയാനുമാണ് കാൽനട യാത്രയിലൂടെയാണ് ഉദ്ദേശിക്കുന്നതെന്ന് ബിഷപ്പ് കാത്തലിക് ന്യൂസ് ഏജൻസിയോട് പറഞ്ഞു. ആറ് മണിക്കൂറും 45 മിനിറ്റും കൊണ്ടാണ് ബിഷപ്പ് പദയാത്ര പൂർത്തിയാക്കിയത്. മഴയും കാറ്റും ഉണ്ടായിരുന്നിട്ടും പ്രതികൂല കാലാവസ്ഥയിലും ഇടവേളകളൊന്നും എടുക്കാതെ മുന്നോട്ട് പോകാൻ കഴിഞ്ഞെന്നു ബിഷപ്പ് സ്മരിച്ചു.

അതേസമയം യുദ്ധമുഖത്ത് പ്രതിസന്ധി തുടരുകയാണ്. ഹമാസ് തീവ്രവാദികൾ ബന്ദികളാക്കിയ 130ലേറെ ബന്ദികൾ ഗാസയിലുണ്ടെന്നാണ് ഇസ്രയേൽ കണക്ക്. കഴിഞ്ഞ മാസം ആദ്യം നടന്ന സമാധാന ചർച്ച പരാജയപ്പെട്ടിരുന്നു. രണ്ടു ചർച്ചകൾക്കും ഇസ്രയേൽ പ്രതിനിധികളെ അയച്ചിരുന്നില്ല. ഗാസ യുദ്ധത്തിൽ ഇതുവരെ കൊല്ലപ്പെട്ട പലസ്തീൻകാരുടെ എണ്ണം 34,683 ആയി. 78,018 പേർക്കു പരുക്കേറ്റു.

## പുടിൻ ക്രിസ്ത്യാനിറ്റിയെ പരിഹസിക്കുന്നു: യൂലിയ നവൽനയ



**റഷ്യ:** മരിച്ചയാളുടെ മൃതദേഹം സംസ്ക്കരിക്കാൻ ബന്ധുക്കൾക്ക് വിട്ടു നൽകാതെ, റഷ്യൻ പ്രസിഡന്റ് ക്രിസ്ത്യാനിറ്റിയെ അപമാനിക്കുകയാണന്ന് റഷ്യൻ പ്രതിപക്ഷ നേതാവായിരുന്ന അലക്സി നവാൽനിയുടെ ഭാര്യ യൂലിയ. പുടിന്റെ പ്രധാന എതിരാളി കൂടിയായിരുന്ന 47-കാരനായ നവൽസി ഫെബ്രുവരി 16-ന് ആയിരുന്നു ദുരൂഹ സാഹജര്യത്തിൽ കൊല്ലപ്പെട്ടത്. മൃതദേഹം വിട്ട് നൽകാതെ ഗവ:മെൻറ് തന്നെ മറവു ചെയ്യാൻ പലപ്പോഴും ശ്രമിച്ചു. നിങ്ങൾ അദ്ദേഹത്തെ ജീവനോടെയും പീഠിപ്പിച്ചു ഇപ്പോൾ മരുണശേഷവും പീഠിപ്പിക്കുന്നു. മരണശേഷം രാജ്യത്ത് ഉടനീളം അദ്ദേഹത്തിന്റെ തെരുവുകളിൽ ഫോട്ടോകൾക്ക് മുമ്പിൽ ലക്ഷക്കണക്കിനാളുകൾ പുഷ്പ്പാർച്ചന നടത്തുകയാണ്. ഇത് പുടിനെ വല്ലാതെ ഭയപ്പെടുത്തുന്നു അവർ പറഞ്ഞു.

## പാസ്റ്റർക്ക് ജയിൽ മോചനം



**ചൈന:** ഏഴ് വർഷത്തിന് ശേഷം പാസ്റ്റർക്ക് ജയിൽ മോചനം. റവ. ജോൺ സാൻക്യാങ് കാവോ എന്ന ചൈനീസ് പാസ്റ്റർക്കാണ് മോചനം ലഭിച്ചത്. മ്യാൻമറിൽ ഒരു മിഷ്ണറി യാത്ര കഴിഞ്ഞ് മടങ്ങുമ്പോൾ ആയിരുന്നു അറസ്റ്റ് ചെയ്യപ്പെട്ട് ജയിലിൽ ആയത്. ചാങ്ഷയിൽ ജനിച്ചു വളർന്ന കാവോ, ക്രിസ്തു വിശ്വാസം സ്വീകരിക്കുകയും സുവിശേഷ വേലക്കായ് സമർപ്പിക്കുകയും ചെയ്തു. വചന പഠനത്തിനായി അമേരിക്കയിൽ എത്തിയ അദ്ദേഹം ഒരു അമേരിക്കൻ സ്ത്രീയെ വിവാഹം കഴിച്ച് അവിടെ തുടർന്നു. എന്നാൽ ജന്മനാട്ടിൽ സുവിശേഷം അറിയിക്കാൻ വിളി ലഭിച്ചതിനെ തുടർന്ന് ചൈനയിലേക്ക് മടങ്ങി. ബൈബിൾ വ്യാഖ്യാനിക്കാനും, പള്ളികൾ നടത്താനും സർക്കാർ ഒരുക്കുന്ന സംവിധാനം മാത്രം അനുവദനീയമായ രാജ്യത്ത് സുവിശേഷ വേല വെല്ലുവിളി നിറഞ്ഞതാണന്ന ബോധ്യം തനിക്ക് ഉണ്ടായിരുന്നു. എങ്കിലും രഹസ്യമായ് ഹൗസ് ചർച്ചും, അൻമ്പതോളം ബൈബിൾ സ്കുളുകളും നടത്തി. വിശ്വാസത്തിന്റെ പേരിൽ ജയിലിൽ കഴിയുന്ന മറ്റുള്ളവരുടെ തീക്ഷ്ണത കണ്ടപ്പോൾ തനിക്ക് കൂടുതൽ ഊർജ്ജം ലഭിച്ചു. അറസ്റ്റിന് മുമ്പും മ്യാൻമറിൽ ധാരാളം ചൈനീസ് മിഷ്ണറിമാരെ അദ്ദേഹം എത്തിച്ചു. ഏഴ് വർഷത്തിന് ശേഷം ജയിൽ മോചിതനായെങ്കിലും സർക്കാർ രേഖകൾ ഒന്നും ഇല്ലാത്തതിനാൽ വീടിന് പുറത്തിറങ്ങി നടക്കാൻ പറ്റാത്ത സ്ഥിതിവിശേഷമാണ്.

## രാജു തരകന്റെ ഇടയ കന്യക പ്രസിദ്ധീകരിച്ചു




**ഡാളസ്:** അമേരിക്കൻ മലയാളിയും എഴുത്തുകാരനുമായ രാജു തരകൻ എഴുതിയ 'ഇടയ കന്യക' എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. ക്രൈസ്തവ സാഹിത്യ രംഗത്ത് പത്രാധിപർ, ലേഖകൻ, കോളമിസ്റ്റ്, ഗ്രന്ഥകാരൻ, സംഘാടകൻ, പ്രസംഗകൻ എന്നീ നിലകളിലെല്ലാം തന്നെ വളരെ പ്രസിദ്ധനാണ് അദ്ദേഹം. ജ്ഞാനിയായ ശലോമോന്റെ പുസ്തകമായ ഉത്തമ ഗീതത്തിലെ ഇടയ കന്യകയാണ് പ്രമേയ വിഷയം. ഉത്തമ ഗീതത്തെ ആസ്പദമാക്കിയുള്ള മലയാള ഗ്രന്ഥങ്ങൾ വളരെ കുറവാണ്. മലയാളി വായനകാർക്ക് ഒരു അതുല്യ ഗ്രന്ഥം കൂടി ലഭിച്ചിരിക്കുകയാണ്. ഡോ ജോർജ് തരകന്റെ മകൻ കൂടിയാണ്. എക്സ്പ്രസ്സ് ഹെറാൾഡിന്റെ ചീഫ് എഡിറ്റർ കൂടിയാണ്.

THE SOUL WINNER
MAY 2024 • VOLUME 12 • ISSUE 9

The Soul Winner
P. O. Box - 597232, Chicago IL, 6w659, USA
Email: editor.swi@gmail.com
Phone: -91 479 23567w6, +91 9981571723

For private circulation only

# 35-ാമത് ക്യാപിറ്റോൾ മാരത്തോൺ ബൈബിൾ വായന സമാപിച്ചു



**ഇന്ത്യാന:** 35–ാമത് ക്യാപിറ്റോൾ മാരത്തോൺ ബൈബിൾ വായനയ്ക്ക് അനുഗ്രഹ സമാപ്തി. ഇന്ത്യാന ആസ്ഥാനമായുള്ള സീഡ്‌ലൈൻ ഇന്റർനാഷ്ണൽ ആണ് മാരത്തോൺ ബൈബിൾ വായനയുടെ സംഘാടകർ. ബൈബിളിന്റെ പുറംചട്ട മുതൽ പുറംചട്ടം വരെ വായിക്കുന്നതാണ് രീതി. മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്ത ക്രമത്തിൽ പതിനഞ്ച് മിനിറ്റ് വീതം സമയമാണ് ഓരുത്തരും ബൈബിൾ വായിച്ചത്. “ശ്രദ്ധ ബൈബിലേക്ക് തിരികെ കൊണ്ടു വാരിക,” “രാജ്യത്തിന്റെ അടിത്തറ വചനത്തിൽ അതിഷ്ഠിതമാക്കുക” എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തിയാണ് ഈ വർഷത്തെ ബൈബിൾ വായന സംഘടിപ്പിച്ചത്. തുടർമാനമായി ഇത് മുപ്പത്തിയഞ്ചാമത്തെ വർഷമാണ് മാരത്തോൺ ബൈബിൾ സംഘടിപ്പിക്കുന്നത്.

# ധന്യമായ കുടുംബജീവിതത്തിന് പ്രാർത്ഥനയും പ്രവൃത്തിയും വേണം: റവ. സണ്ണി താഴാംപള്ളം



**അടിമാലി:** നല്ലൊരു കുടുംബ ജീവിതത്തിന് പ്രാർത്ഥന മാത്രം പോര എന്നും നല്ല പ്രവൃത്തിയും കൂടെ വേണമെന്നും റവ: സണ്ണി താഴാംപള്ളം പറഞ്ഞു. ക്രൈസ്തവ ചിന്തയും ബെഥെസ്ദാ മിനിസ്ട്രീസും ചേർന്ന് അടിമാലിയിൽ സംഘടിപ്പിച്ച ഫാമിലി സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. നമ്മുടെ വീട് സ്വർഗ്ഗമാക്കുന്നതും നരകമാക്കുന്നതും നമ്മൾ തന്നെയാണ്. പരസ്പരം ബഹുമാനത്തോടും സ്നേഹത്തോടും അങ്ങോട്ടുമിങ്ങോട്ടും പെരുമാറുന്ന വീട്ടിൽ അലോഹ്യം വളരെ കുറവായിരിക്കും. ഇന്ന് പല കുടുംബങ്ങളിലും സന്തോഷവും സമാധാനവും ഇല്ല. അകാരണമായി നമ്മുടെ ഭവനങ്ങളിൽ കണ്ണുനീർ വീഴാൻ ഇടവരരുത്. മാതാപിതാക്കന്മാരുടെയും , ഗുരുക്കന്മാരുടെയും, ജീവിതപങ്കാളിയുടെയും, സഭാ ശുശ്രൂഷകന്മാരുടെയും ഒക്കെ കണ്ണുനീർ വീണാൽ കുടുംബത്തിന് അത് ദോഷമായി ഭവിക്കും. പരസ്പരം പോരടിക്കുകയല്ല മറിച്ച് ക്ഷമിക്കുന്നവരായി നാം തീർന്നാൽ കുടുംബത്തിൽ സമാധാനം താനെ വന്നുകൊള്ളും. കുടുംബത്തിൻെറ കെട്ടുറപ്പിന് ഭാര്യക്കും ഭർത്താവിനും തുല്യപങ്കാളിത്തം ആണുള്ളത്. ഭർത്താവ് തലയാണെങ്കിൽ ഭാര്യ ഹൃദയമാണ്! ഇവ രണ്ടും ഇല്ലെങ്കിൽ ഒരു മനുഷ്യന് ജീവിക്കാൻ കഴിയില്ലെന്നും അദ്ദേഹം ഓർമിപ്പിച്ചു.

# ദശലക്ഷക്കൾക്ക് ക്രിസ്തുവിനെ പരിചയപ്പെടുത്തി ലേഡിബേർഡ്

**ലണ്ടൻ:** ബൈബിളിന് ശേഷം യേശുക്രിസ്തുവിനെ വളരെ ലളിതമായ് ദശലക്ഷകണക്കിന് കുട്ടികൾക്ക് പരിചയപ്പെടുത്തിയ ലേഡിബേർഡ് പുസ്തകകമ്പനി അതിന്റെ വാഷികം പ്രക്യാപിച്ചിരിക്കുകയാണ്. കഥ, ശാസ്ത്രം, നോവൽ, ചിത്രകഥ, ഗൈഡുകൾ, ഡയറക്കറികൾ മുതലായ വിവിധയിനം പുസ്തകങ്ങൾ അവർ പ്രസിദ്ധീകരിക്കുന്നുണ്ട്. അതിനെല്ലാം ധാരാളം വായനക്കാരും ഉണ്ട്. 1867ൽ ഹെൻറി വിൽസ് ആരംഭിച്ച പ്രസാധക കമ്പനി 1904–ൽ വില്യം ഹെപർത്തും ചേർന്നതോടെ വിൽസ് & ഹെപ് വർത്ത് എന്ന പേരിൽ പ്രവർത്തനം തുടർന്നു. 1940 മുതൽ യുകെ ഉൾപ്പടെ ഇംഗ്ലിഷ് സംസാരിക്കുന്ന രാജ്യങ്ങളിൽ സൺഡേസ്കൂൾ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച് വിതരണം ചെയ്യാൻ തുടങ്ങി. 1940 കളിൽ ലേഡി ബേർഡിന്റെ സൺഡേസ്കൂൾ പുസ്തകത്തിലൂടെ യേശുവിനെ പരിചയപ്പെട്ട തലമുറകൾക്ക് ഇന്ന് 80 വയസ്സ് പ്രായം തികഞ്ഞിട്ടുണ്ട്. ഇന്നും ലോകത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന സൺഡേസ്കൂൾ പുസ്തകം ലേഡി ബേഡിന്റെതാണ്. പ്രസാധകർ അതിന്റെ വാർഷികം ആഘോഷിക്കുകയാണ് ഈ വർഷം.




# മണിപ്പൂർ കലാപത്തിന്റെ ഒരു വർഷം



**ന്യൂഡൽഹി:** മണിപ്പൂരിൽ നൂറുകണക്കിന് നിരപരാധികളുടെ ജീവനെടുത്ത രക്തച്ചൊരിച്ചിലിന്റെ ഒന്നാം വാർഷികത്തിൽ അനുസ്മരണ പ്രാർത്ഥനയും റാലിയുമായി ക്രൈസ്തവർ. നൂറുകണക്കിന് ക്രൈസ്തവരുടെ മരണത്തിനിടയാക്കിയ കലാപത്തിന്റെയും രക്തച്ചൊരിച്ചിലിന്റെയും ഒന്നാം വാർഷിക ദിനമായ മെയ് മൂന്നിനോട് അനുബന്ധിച്ച് വിവിധയിടങ്ങളിൽ പ്രത്യേക പ്രാർത്ഥനാ കൂട്ടായ്മകളും മെഴുകുതിരി പ്രദിക്ഷണവും പ്രതിഷേധ പരിപാടികളും നടന്നു. 2023 മെയ് 3 മുതൽ മണിപ്പൂരിനെ വിഴുങ്ങിയ രക്തരൂക്ഷിതമായ വംശീയ സംഘർഷത്തിൽ 230 പേർ മരിച്ചതായാണ് സർക്കാർ കണക്ക്. എന്നാൽ ഇതിലും പതിമടങ്ങ് പേർ മരണപ്പെട്ടിട്ടുണ്ടെന്നാണ് അനൗദ്യോഗിക വിവരം.

ഡൽഹി ഡൗണ്ടൗണിലെ സേക്രഡ് ഹാർട്ട് കത്തീഡ്രലിന്റെ കവാടത്തിൽ കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യയുടെ സെക്രട്ടറി ജനറലും ഡൽഹി ആർച്ച് ബിഷപ്പുമായ അനിൽ ജെ. കൂട്ടോയുടെ നേതൃത്വത്തിൽ വിവിധ സഭകളെ പ്രതിനിധീകരിച്ച് ബിഷപ്പുമാർ സമൂഹ പ്രാർത്ഥന നടത്തി. കറുത്ത വസ്ത്രം ധരിച്ച കുക്കി അഭയാർത്ഥികൾ ഗാനങ്ങൾ ആലപിച്ചുക്കൊണ്ടാണ് പ്രാർത്ഥനയ്ക്കു തുടക്കമിട്ടത്. സഭാനേതാക്കൾ സമാധാനത്തിനായി പ്രാർത്ഥനകളും സമാധാന അഭ്യർത്ഥനയും നടത്തി.

# യേശുക്രിസ്തു ആദ്യത്തെ മാർക്സിസ്റ്റ്: സി രാധാകൃഷ്ണൻ



**കൊച്ചി:** അധ്വാനിക്കുന്നവനും ഭാരം ചുമക്കുന്നവനും സ്വർഗരാജ്യം എന്ന് ആദ്യം പറഞ്ഞത് എംഗൽസോ മാർക്സോ അല്ല, അതുകൊണ്ട് ആരാണ് ആദ്യത്തെ മാർക്സിസ്റ്റ് എന്ന് ചോദിച്ചാൽ യേശു ക്രിസ്തു എന്നൊരു ഉത്തരം മാത്രമെന്ന് എഴുത്തുകാരൻ സി രാധാകൃഷ്ണൻ. ‘ക്രിസ്തുമതം അനുസരിച്ച് ദൈവത്തിന്റെ മുന്നിൽ ഏറ്റവുമധികം സ്ഥാനം ഉള്ളയാൾ ഭക്തൻ അല്ല, പുരോഹിതനുമല്ല, പിന്നെ ആരാണ്?, നീതിമാൻ ആണ്. ആരാണ് ആദ്യത്തെ മാർക്സിസ്റ്റ്? യേശുക്രിസ്തുവാണ്. ഇക്കാര്യത്തിൽ ഒരു സംശയവുമില്ല’– ദി ന്യൂ ഇന്ത്യൻ എക്സ്പ്രസിന്റെ എക്സ്പ്രസ് ഡയലോഗ്സിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു സി രാധാകൃഷ്ണൻ.

ആധുനിക കാലത്തെ ആശയങ്ങളുമായി പൊരുത്തപ്പെടാത്ത ഒന്നും ഉപനിഷത്തുകളിൽ ഇല്ല. ഈശാവാസ്യോപനിഷത്ത് എടുത്താൽ പിന്നെ മാർക്സിസം വേണ്ട. ഉള്ളവൻ ഇല്ലാത്തവന് കൊടുക്കാനാണ് ഈശാവാസ്യോപനിഷത്തിൽ പറയുന്നത്. എല്ലാവരെയും ഒരേ പോലെ കാണണമെന്നും പ്രകൃതിദത്തമായ വിഭവങ്ങൾ എല്ലാവർക്കും തുല്യമായി പങ്കിടണമെന്നുമാണ് ഇതിൽ പറയുന്നത്. അങ്ങനെ വരുമ്പോൾ മാർക്സിസത്തിന്റെ ആവശ്യകത എന്ത് എന്നും സി രാധാകൃഷ്ണൻ ചോദിച്ചു. ‘എന്റെ രാഷ്ട്രീയം മഹാത്മാഗാന്ധിയുടെ രാഷ്ട്രീയമാണ്. 1947ൽ ഗാന്ധി പറഞ്ഞത് രാജ്യത്ത് രാഷ്ട്രീയം പാടില്ല എന്നാണ്. ഇന്ത്യ ഭരിക്കേണ്ടത് രാഷ്ട്രീയ പാർട്ടികളല്ല. ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലാണ് ഇന്ത്യ ഭരിക്കപ്പെടേണ്ടത്. അത് നടപ്പാക്കിയിരുന്നെങ്കിൽ ഇപ്പോഴത്തെ പ്രശ്നങ്ങൾ നമുക്ക് നേരിടേണ്ടി വരില്ലായിരുന്നു.’– രാധാകൃഷ്ണൻ കൂട്ടിച്ചേർത്തു.

# ബൈബിളിനെ ആരാധിക്കുന്ന ക്ഷേത്രം

**കർണ്ണാടക/ദർവാഡ്:** നൂറ്റാണ്ടുകളായ് ബൈബിളിനെ ആരാധിക്കുന്ന ഒരു ക്ഷേത്രമുണ്ട് ഇന്ത്യയിൽ. എന്തിനായിരിക്കും ഒരു ഹൈന്ദവ ക്ഷേത്രത്തിൽ കെടാവിളക്കുകൾക്ക് നടുവിൽ ബൈബിളിനെ ആരാധിക്കുന്നത്. ക്രിസ്ത്യാനികളുടെയും യഹൂദന്മാരുടെയും വിശുദ്ധ ഗ്രന്ഥമാണ് ബൈബിൾ. പഴയ നിയമം മാത്രം അടങ്ങുന്ന പുസ്തകം യഹൂദന്മാരും പഴയ നിയമവും പുതിയ നിയമവും അടങ്ങുന്ന അടങ്ങുന്ന ബൈബിൾ ക്രിസ്ത്യാനികളും ഉപയോഗിക്കുന്നു.

കണ്ണാടകയിലെ ദർവാഡ് ജില്ലയിലെ നവൽഗുൽ പട്ടണത്തിലെ നാഗലിംഗക്ഷേത്രത്തിലാണ് നൂറ്റാണ്ടുകളായ് ബൈബിൾ പൂജിക്കുന്നത്. 19–ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന യോഗിയായിരുന്ന നാഗലിംഗസ്വാമിയാണ് ക്ഷേത്രത്തിലെ മുഖ്യപ്രതിഷ്ഠ. ബഗൽകോട് ജില്ലയിലെ മുസ്തിഗേരി ഗ്രാമനിവാസിയായിരുന്ന കല്ലപ്പ എന്ന ഒരു ആൾക്ക് ക്രിസ്ത്യൻ മിഷ്ണറിമാർ ഒരു ബൈബിൾ നൽകി. ഒരിക്കൽ നാഗലിംഗസ്വാമി കല്ലപ്പയെ കാണാൻ എത്തിയപ്പോൾ സ്വാമി കാണാതിരിക്കാൻ കല്ലപ്പ ബൈബിൾ ഒളിപ്പിച്ച് വച്ചു.സംസാരത്തിനിടയിൽ സ്വാമി തന്റെ പുനർജന്മത്തെ കുറിച്ച് പറയുകയും ഒളിപ്പിച്ച ബൈബിൾ കാണിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. സ്വാമി ഒരു കൊളുത്ത് ഉപയോഗിച്ച് ബൈബിളിന് ഒരു ദ്വാരം ഇടുകയും, അതുവഴി ഒരു വിക്റ്റോറിയൻ നാണയം പുറത്തേക്ക് ഇടുകയും ചെയ്തു. എന്താണ് സംഭവിക്കുന്നതെന്ന് മനസ്സിലാവാതെ കല്ലപ്പ സ്തംഭിച്ച് നിൽക്കവേ, സ്വാമി കല്ലപ്പയോട് ഈ ദ്വാരം സ്വയം എന്ന് മൂടുന്നുവോ അന്ന് താൻ പുനർജ്ജനിക്കുമെന്ന് പറഞ്ഞു. നാഗലിംഗസ്വാമി പറഞ്ഞതുപോലെ ബൈബിളിലെ ദ്വാരം കുറഞ്ഞ് വരുന്നതായാണ് ക്ഷേത്ര നടത്തിപ്പുകാർ പറയുന്നത്. ദ്വാരം കാരണം കാണാൻ കഴിയാതിരുന്ന അക്ഷരങ്ങൾ കാണാൻ കഴിയുന്നതായും അവർ പറഞ്ഞു. അതിനായ് ദ്വാരത്തിന്റെ വ്യാസം നിശ്ചിത സമയത്ത് അളക്കുകയും ചെയ്യും. ദ്വാരത്തിന് ചുറ്റും വൃത്തവും അടയാളപ്പെടുത്തുന്നുണ്ട്. നേരത്തെ അനുവാദം വാങ്ങിയാൽ രാവിലത്തെ പൂജയ്ക്ക് മുമ്പെ ബൈബിൾ കാണാനും അവസരം കൊടുക്കും. ബൈബിളിനെ കുറിച്ച് നാഗലിംഗസ്വാമിയുടെ പുസ്തകത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്.

